ശ്രീ. സി.കെ. നാണു: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ഇവിടെ പിരിഞ്ഞ് കിട്ടാനുള്ള സംഖ്യ, അത് ട്രാൻസ്പോർട്ടിലായാലും വാണിജ്യനികുതി ഇനത്തിലായാലും അത് ഉടനെ പിരിച്ചെടുക്കാനാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വീകരിക്കണം. നെല്ല് സംഭരിച്ച വകയിൽ 280 കോടി രൂപ കൃഷിക്കാർക്ക് കൊടുക്കാനുണ്ട്. നെൽകർഷകർ കൃഷിചെയ്ത് നെല്ല് സർക്കാരിന് ഏൽപ്പിച്ചിട്ട് അതിന്റെ പണം അവർക്ക് ഉടനേ ലഭിക്കുന്നില്ലെങ്കിൽ അവർ ഈ കൃഷിയിൽ നിന്നും പിന്തിരിയും. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് കാർഷിക രംഗത്ത് പ്രത്യേകിച്ച് നെൽകൃഷി രംഗത്ത്, സമ്മർദ്ദത്തിന്റെ ഫലമായിട്ട് സൗകര്യങ്ങൾ ചെയ്തുകൊടുത്തതുകൊണ്ടാണ് അവർ നെൽകൃഷി കൂടുതൽ സജീവമാക്കിയത്. അതുപോലെ നെൽകൃഷി മെച്ചപ്പെടുത്തുന്നതിന് ജലസേചന സൗകര്യം ആവശ്യമാണ്. അതിന് ജലസേചന വകുപ്പിന് ഇന്നുള്ളതിനേക്കാൾ കൂടുതൽ കനാലുകളും മറ്റും ഉണ്ടാക്കാൻ ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. എന്നാൽ മാത്രമേ കാർഷിക മേഖലയ്ക്ക് പുരോഗതി കൈവരിക്കാൻ സാധിക്കൂ. ഇപ്പോൾതന്നെ റബ്ബറിന് വിലയിടിവ് ആരംഭിച്ചിരിക്കുകയാണ്. റബ്ബർ കർഷകർ പ്രതിസന്ധിയിലാണ്. ബഹുമാനപ്പെട്ട കെ.എം. മാണിയോട് ഞാൻ അതിന്റെ ഗൗരവങ്ങൾ പറയേണ്ട ആവശ്യമില്ല. മലബാറിൽ ഒരു പ്രധാനപ്പെട്ട പ്രശ്നമുണ്ട്. അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മനസ്സിലാക്കണം. മലബാറിൽ ഹയർസെക്കണ്ടറി സ്കൂളുക

ളിൽ സീറ്റുകൾ കുറവായതിന്റെ പേരിൽ കഴിഞ്ഞ എൽ.ഡി.എഫ്-ന്റെ കാലത്ത് പരിശോധിച്ച് ഓരോ ജില്ലയ്ക്കും കൂടുതൽ സീറ്റുകൾ അനുവദിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പുതിയ ഹയർസെക്കണ്ടറി സീറ്റുകൾ പല പഴയ ഹൈസ്കൂളുകളിലും അനുവദിച്ചു. ഇപ്പോൾ എസ്.എസ്.എൽ.സി. കഴിഞ്ഞവർക്ക് നിയമപ്രകാരം ഹയർസെക്കണ്ടറി സീറ്റ് ലഭിച്ചശേഷം സി.ബി.എസ്.ഇ.-ലെ കുട്ടികളെ പഴയതുപോലെ എടുത്താൽ മതിയായിരുന്നു. ഇത് അങ്ങനെയല്ല, ആദ്യം അവരെയാണ് എടുത്തത്. അതിന്റെ ഫലമായി സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിച്ച് എസ്.എസ്.എൽ.സി.ക്ക് നല്ല മാർക്ക് ലഭിച്ച കുട്ടികൾക്ക് ഇവിടെ സീറ്റ് ലഭിക്കുന്നില്ല. അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കണം. എന്റെ മണ്ഡലത്തിലെ വടകര ബി.എം. ഹൈസ്കൂൾ, കോൺവെന്റ്, മദ്രസ ഇവിടെയൊന്നും ഹയർസെക്കണ്ടറി അനുവദിക്കുന്നില്ല. ആയിരക്കണക്കിന് കുട്ടികൾക്ക് അവിടെ ഹയർസെക്കണ്ടറിക്ക് സീറ്റ് ലഭിക്കുന്നില്ല. ഇത് പരിശോധിച്ച് ഹയർസെക്കണ്ടറിക്ക് സീറ്റ് നൽകാൻ സന്നദ്ധമാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. പിന്നെയുള്ള ഒന്നു രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ, ശ്രീ. കെ.എം. മാണി വളരെ സീനിയറായിട്ടുള്ള മെമ്പറാണ്. ഈ നിയമസഭയ്ക്ക് ഒരു പവിത്രതയുണ്ടായിരുന്നു. ആ പവിത്രത ഇന്നുണ്ടോ? ഇവിടെ എം.എൽ.എ.മാരെ മാർക്കറ്റിൽ ലേലംവിളിക്കുമ്പോലെയാണ്, കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെയുണ്ടായിട്ടുണ്ടോ? ഭരണകക്ഷിയുടെ

ഭൂരിപക്ഷം വർദ്ധിപ്പിക്കാൻ വേണ്ടി എം.എൽ.എ.മാരെ കിട്ടുന്നുണ്ട്. ഇങ്ങനെയൊരു പരസ്യമായ ലേലം വിളി കേരളത്തിന്റെ ചരിത്രത്തിലില്ല. ഒരാൾ രാജിവച്ചു, തിരിച്ച് അപ്പുറത്തുവന്നു, ജനങ്ങൾ വോട്ട് ചെയ്തു സമ്മതിക്കുന്നു. ഇതിൽ ഒരാൾ ബുദ്ധിമുട്ടുന്നുണ്ട്. കർണ്ണാടകത്തിൽ ഇതെല്ലാം ചെയ്ത ശ്രീ. യദ്യൂരപ്പ കോൺഗ്രസ്സുകാരേയും ജനാതാദൾകാരേയും രാജിവയ്പ്പിച്ച് മുഖ്യമന്ത്രിയായി. അതിനുശേഷം തെരഞ്ഞെടുപ്പ് നടത്തി എല്ലാപേരേയും ജയിപ്പിച്ചു. പക്ഷെ ഇന്നലത്തെയും അതിനുമുമ്പത്തെയും പത്രങ്ങളിൽ വന്നത് അദ്ദേഹം വേറൊരാളെ മുഖ്യമന്ത്രിയാക്കിയെന്നാണ്. എന്നാൽ ഇപ്പോൾ ഓരോ ആളും രാജിവച്ചുകൊണ്ടിരിക്കുകയാണ്. ഇതൊന്നും ജനാധിപത്യത്തിൽ മാന്യമായ മാർഗ്ഗമല്ല. ജനാധിപത്യമെന്നുപറയുന്നത് നമ്മൾ സ്വീകരിച്ചാലും ഇല്ലെങ്കിലും അതിനൊരു ധാർമ്മികതയുണ്ട്. ആ ധാർമ്മികത നഷ്ടപ്പെടുത്തിയെന്ന് ഇവിടെനിന്ന് ആരെങ്കിലും പറയുന്ന അവസരത്തിൽ അവരെ കൂക്കിവിളിച്ചിട്ട് ഫലമില്ല. ഇത് കേരളത്തിന്റെ, നിയമസഭയുടെ പവിത്രതയെ തകർക്കുന്നു. അത് ആർക്ക് ഗുണം, ആർക്ക് ലാഭം? കാലം പിന്നേയും മുന്നോട്ടുപോകും. പലഭാഗത്തും ആളുകൾ മാറിമാറി വരും. ഇവിടത്തെ വേറൊരു പ്രധാന പ്രശ്നം, മലപ്പുറം ജില്ലയിലും അതുപോലുള്ള പ്രദേശങ്ങളിലുള്ളവർ പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് പാർലമെന്റ് അംഗീകരിച്ചതിന് ശേഷമാണ് സച്ചാർ കമ്മിറ്റി റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കാൻ വന്നത്. മണ്ഡൽ കമ്മീഷൻ

റിപ്പോർട്ടിനെ പരാജയപ്പെടുത്താൻ, ആ റിപ്പോർട്ടിനെതിരായി ബി.ജെ. പി.-യോടൊപ്പം കൂട്ടുനിന്ന് അതിനെ തകർക്കാൻ ശ്രമിച്ചവരാണ് ഈ നിയമസഭയെ പ്രതിനിധീകരിക്കുന്ന കക്ഷികളിൽ ബഹുഭൂരിപക്ഷവും. എന്നിട്ടും മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കി. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജോലി ലഭിച്ച ഒരു യുവാവിന് മാലയിട്ടുകൊണ്ട് ഡൽഹിയിലേയ്ക്ക് വരില്ല എന്നു പറഞ്ഞ വി.പി. സിംഗ് ഡൽഹിയിലേയ്ക്കുതന്നെ വന്നു. 100% വിജയിച്ചു എന്നു ഞാൻ പറയില്ല. മുസ്ലീം ലീഗോ അതുപോലുള്ള കക്ഷികളോ കഴിഞ്ഞ കാലത്ത് നടത്തിയ ഒരു പ്രക്ഷോഭത്തിന്റെയും ഫലമായിട്ടല്ല, പകരം മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സച്ചാർ കമ്മിറ്റി റിപ്പോർട്ട് വന്നത്. ഇവിടെ കോൺഗ്രസ് (ഐ)-യുടെ പോഷകസംഘടനയായ മഹിളാ കോൺഗ്രസ് ഒരു പ്രമേയം പാസ്സാക്കി. അത് ശരിയാണോ തെറ്റാണോ എന്ന് എന്നെക്കാളും ശ്രീ. ടി. എൻ. പ്രതാപനാണ് ആധികാരികമായി പറയാൻ കഴിയുന്നത്. കോൺഗ്രസ് (ഐ)-യുടെ വേറെ ചില ഘടകങ്ങളും പൊട്ടിത്തെറിച്ചുകൊണ്ട് പ്രസ്താവന നടത്തിയിട്ടുണ്ട്. കേരളത്തിലെ വിമോചനസമരത്തിന് ശേഷം കോൺഗ്രസ്, മുസ്ലീം ലീഗ് എല്ലാവരും കൂടി സംയുക്ത മന്ത്രിസഭയുണ്ടാക്കി. അതിനെക്കുറിച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞത് - ഈ മുന്നണി കേരളത്തിനും ഇന്ത്യയ്ക്കും ഗുണകരമല്ല അതുകൊണ്ട് കോൺഗ്രസുകാർ ആ മുന്നണിയിൽ നിന്ന് മാറണം എന്നാണ്. കോൺഗ്രസുകാർ ആ മുന്നണിയിൽ നിന്ന് മാറി.

അവസാനം 1967-ൽ കോൺഗ്രസിന് ഒമ്പത് എം.എൽ.എ. മാരായി. കോൺഗ്രസ് ഒറ്റയ്ക്കായി. പക്ഷേ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞതുപോലെ 1968-ൽ കോർപ്പറേഷൻ - മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പ് നടന്നപ്പോൾ കേരളത്തിലെ മൂന്ന് കോർപ്പറേഷനിലും 90% മുനിസിപ്പാലിറ്റികളിലും കോൺഗ്രസ് ഒറ്റയ്ക്ക്നിന്ന് വിജയിച്ചു. അത് ചരിത്രമാണ്. മതേതര വിശ്വാസികളെയടക്കം കൂടെ നിർത്താൻ നെഹ്റുവിന്റെ ആ സമീപനത്തിന് സാധിച്ചിരുന്നു. കുറച്ചു ദിവസം മുമ്പുവരെ ഒരു ചോദ്യമുണ്ടായിരുന്നു - മലപ്പുറം ജില്ലയിൽ 40,000-50,000 വോട്ടിന്റെ ഭൂരിപക്ഷം എങ്ങനെയുണ്ടായി, എന്ന്. കോൺഗ്രസ് പിളർപ്പിനുശേഷം ആദ്യമായി നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് വന്നപ്പോൾ നയിച്ച നേതാവിന് പ്രധാനമായും വേണ്ടത് താത്വികമായ സമീപനമല്ല, വിജയം വേണം. അതിനുവേണ്ടി ആദ്യമായി കേരളത്തിൽ കോൺഗ്രസ്, മുസ്ലീം ലീഗ്പോലെയുള്ള കക്ഷികളുമായി മുന്നണി ചേർന്ന് നിലമ്പൂരിൽ മത്സരിച്ചു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞതിന്റെ അന്തഃസത്ത തകർത്തു. നിങ്ങൾക്കാർക്കെങ്കിലും സംശയമുണ്ടോ? അറിവും കഴിവുമുള്ളവർ രാഷ്ട്രീയരംഗത്ത് കടന്നുവരുന്നില്ലെന്ന് ശ്രീ. ടി. എൻ. പ്രതാപൻ പറയുകയുണ്ടായി. ഇന്ന് നിങ്ങൾ ആരെ കാത്തിരിക്കുന്നു? നിങ്ങളുടെ നേതാക്കൾ, ഒരു ദേവത അധികാരത്തിൽ വരാൻ വേണ്ടി പ്രാർത്ഥിക്കുന്നു. അദ്ദേഹം എന്താണ് വരാത്തത്? ഒരു കേന്ദ്ര മന്ത്രി അദ്ദേഹത്തിനുവേണ്ടി പരവതാനി വിരിക്കുന്നു. എന്താണ് അദ്ദേഹത്തിന്റെ കഴിവ്? ഒരു കുടും

ബത്തിൽ നിന്നുള്ളവൻ എന്നതുമാത്രം. ഗാന്ധിജിയുടെ ജന്മദിനം ഐക്യ രാഷ്ട്രസഭ അഹിംസാ ദിനമായി അംഗീകരിച്ചു. ഐക്യരാഷ്ട്രസഭയുടെ ആ യോഗത്തിൽ പങ്കെടുത്തതാര്? ശ്രീമതി സോണിയാഗാന്ധിയും അവ രുടെ മകനും. ലോകം അംഗീകരിക്കുന്ന ഇന്ത്യൻ രാഷ്ട്രപിതാവിനെ അംഗീകരിച്ച ആ യോഗത്തിൽ പങ്കെടുക്കാൻ ഇന്ത്യൻ പ്രസിഡന്റിനെയോ അതുപോലെയുള്ള മഹാരഥന്മാരെയോ പങ്കെടുപ്പിക്കാൻ നമുക്ക് സാധിച്ചി ല്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. സി. ജോസഫ്</u>) : ശ്രീമതി സോണി യാഗാന്ധി യു.പി.എ.-യുടെ ചെയർപേഴ്സണും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റുമാണ്. അവരെയാണ് ഐക്യരാഷ്ട്രസഭ ക്ഷണിച്ചത്. സോണിയാ ഗാന്ധിയെ വിളിച്ചാൽ അവരല്ലേ പോകേണ്ടത്?

<u>ശ്രീ. സി. കെ. നാണു</u> : സർ, ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം മറന്നു പോയി എന്നുതോന്നുന്നു. മഹാത്മാഗാന്ധിയുടെ തലമുറയിൽ ഇപ്പോഴും ഇതുപോലുള്ള ആളുകൾ ജീവിച്ചിരുപ്പുണ്ടോ എന്ന് ആ യോഗ ത്തിൽ വച്ച് ഒരു വിദേശ പ്രതിനിധി ചോദിച്ചു. അത് വായിച്ചിട്ടുണ്ടോ? നമുക്ക് അപമാനമാണ്. ഞാനതിന്റെ ചർച്ചയിലേയ്ക്കില്ല. അതൊക്കെ കഴിഞ്ഞതാണ്, തിരുത്തിക്കൊണ്ടുവരാൻ എനിക്കോ നിങ്ങൾക്കോ സാധി ക്കാത്തതാണ്. നമ്മുടെ രാഷ്ട്രീയ വിദ്യാർത്ഥികളെങ്കിലും ഇത്തരം കാര്യ ങ്ങൾ മനസ്സിലാക്കണം. ഇന്ത്യൻ ജനാധിപത്യത്തെ തകർത്ത് തരിപ്പണമാ

ക്കിയതിന്റെ പൂച്ചെണ്ടുകൾ നമ്മുടെ കയ്യിൽത്തന്നെയാണ്. കുടുംബവാഴ്ചകൾമൂലം എല്ലാ സംസ്ഥാനങ്ങളിലും എല്ലാ കക്ഷികളും അലങ്കോലപ്പെട്ടിരിക്കുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വർഗ്ഗീയതയ്ക്കെതിരായ പോരാട്ടം ദുർബലമാക്കിയതിന് നമുക്കെല്ലാം പങ്കുണ്ടെന്ന കാര്യം വിസ്മരിക്കരുത്. പ്രത്യേകം മുന്നണിയായി തെരഞ്ഞെടുത്തു വന്ന നമുക്കെല്ലാം പ്രത്യേക ചുമതലകളുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അങ്ങിവിടെ വളരെ ആവേശപൂർവ്വം സംസാരിക്കുകയാണ്. പക്ഷേ കേരളത്തിൽ മുസ്ലീം ലീഗിനെ ആദ്യമായി മന്ത്രിസഭയിൽ കൊണ്ടുവന്നത് അങ്ങയുടെ കൂടെ ഇപ്പോഴുള്ള മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണെന്ന യാഥാർത്ഥ്യം അങ്ങ് മറന്നുകൊണ്ടല്ലേ പറയുന്നത്?

ശ്രീ. സി. കെ. നാണു : സർ, എന്റെ കൂടെ മാർക്സിസ്റ്റ് പാർട്ടിയെക്കാൾ മുമ്പുണ്ടായിരുന്നത് സോഷ്യലിസ്റ്റ് പാർട്ടിയാണ്. മദിരാശിയിലെ ഡോ. കെ. ബി. മേനോനായിരുന്നു അതിന്റെ പ്രധാന നേതാവ്. ഞാൻ പറയുന്നത് മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ചല്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വർഗ്ഗീയതയ്ക്കെതിരായി ഒരു ഉറച്ച് നിലപാട് സ്വീകരിച്ചു, വർഗ്ഗീയതയ്ക്കെതിരായി ഒരുമിച്ച് നീങ്ങാമെന്ന് പറഞ്ഞ്, ഇ.എം.എസ്. നമ്പൂതിരിപ്പാട് സി. കെ. ഗോവിന്ദൻ നായരെ ക്ഷണിച്ചു സി.കെ.യും ഇ.എം.എസും യോജിച്ച ഒരു കാലഘട്ടം കേരള രാഷ്ട്രീയത്തിനുണ്ടായിരുന്നു. അതൊക്കെ ചരിത്രമാണ്.. ഇവിടെ ശ്രീ. ടി. എൻ.

പ്രതാപൻ രാഷ്ട്രീയ വിദ്യാർത്ഥികളുടെ ദൗർലഭ്യത്തെക്കുറിച്ച് പറഞ്ഞപ്പോൾ എന്റെ മനസ്സ് അറിയാതെ അതിലേയ്ക്ക് പോയി എന്നേയുള്ളൂ. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇവിടെ ആദിവാസികളെ സംബന്ധിച്ച് പറഞ്ഞു. 10–30% ഇന്ത്യാക്കാരെ നമ്മൾ നോക്കേണ്ടതില്ല, കാരണം അവർ ആദിവാസികളാണ്. അവന്റെ ഭൂമിയും മിനറൽസും തട്ടിയെടുക്കാൻ ജിണ്ടാലിനെ പോലെയുള്ളവർക്ക് സൗകര്യം ചെയ്തുകൊടുക്കുന്ന കേന്ദ്രഗവൺമെന്റ്. കേരളത്തിലെ ആദിവാസികളുടെ സന്താനോല്പാദന ശേഷി കുറച്ചു, അവർക്ക് വീടുകൾ നൽകിയില്ല. കേരളത്തിൽ ആദിവാസികളിൽ നക്സലൈറ്റ് സ്വാധീനമുണ്ടെന്ന ചില വാർത്തകൾ കണ്ടു. കേരളത്തിലെ ആദിവാസികളെ ഇന്ത്യയുടെ വടക്കു കിഴക്കൻ ഭാഗത്തുള്ള ആദിവാസികളെപ്പോലെ പട്ടാളത്തിനു എറിഞ്ഞുകൊടുത്തുകൊണ്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാതിരിക്കുകയാണോ ചെയ്യേണ്ടത്? ഇത് കേരളത്തെപ്പോലെയുള്ള ഒരു പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ല. ഇതെല്ലാം നമ്മുടെ കേരളം നേരിടുന്ന ഗുരുതരമായ വെല്ലുവിളികളാണ്. ഈ ആദിവാസികൾക്ക് നല്ല വീടുകൾ നൽകി, ആദിവാസി ചെറുപ്പക്കാർക്ക് തൊഴിൽ നൽകി, ആദിവാസികളെ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള വെല്ലുവിളി ഏറ്റെടുക്കാൻ ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയ്ക്ക് താങ്കൾക്ക് സാധിക്കുമെങ്കിൽ ഒരു രാഷ്ട്രീയ നേതാവെന്ന നിലയിൽ കേരളത്തിലും ഇന്ത്യയിലും താങ്കളുടെ യശസ്സ് ഉയരു

മെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട സി. കെ. നാണു പറഞ്ഞ വികാരപരമായ കാര്യങ്ങളോട് പകുതി യോജിച്ചുകൊണ്ട് ഒരു വസ്തുത അദ്ദേഹത്തെ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. തങ്ങൾ കുടുംബം നേതൃത്വം കൊടുക്കുന്ന മുസ്ലീം ലീഗ് എന്നുപറയുന്ന രാഷ്ട്രീയ പ്രസ്ഥാനം വർഗ്ഗീയ സംഘടനയാണെന്ന നിലയിലുള്ള ശ്രീ. സി.കെ. നാണുവിനെപ്പോലുള്ള ആളുകളുടെ പ്രചരണമാണ് ഈ രാജ്യത്തെ ഏറ്റവും വലിയ അപകടം. അതൊരു മതേതരപാർട്ടിയാണെന്നാണ് കേരള കോൺഗ്രസ് പാർട്ടിയുടെ വിശ്വാസം അതുകൊണ്ടാണ് ഇതുപറയുന്നത്. ആരാണ് മുസ്ലീം ലീഗിന് മലപ്പുറം ജില്ലവച്ച് നീട്ടിക്കൊണ്ട് ഒരു രാഷ്ട്രീയപാർട്ടിയെന്ന നിലയിൽ അംഗീകാരം കൊടുത്തത്? മഹാനായ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടുതന്നെ ആ വലിയ മഹത്കർമ്മം ചെയ്തിട്ട്, ബഹുമാനപ്പെട്ട ഇ. എം ശങ്കരൻ നമ്പൂതിരിപ്പാടിന്റെ പാർട്ടിയുടെ നേതൃത്വത്തിലുള്ള മുന്നണിയിൽ ഇരുന്നുകൊണ്ട് ശ്രീ. സി.കെ. നാണുവേട്ടൻ ഈ നാണക്കേട് പറയുന്നതിൽ അർത്ഥമില്ല എന്നുമാത്രം അദ്ദേഹത്തെ ഓർമ്മിപ്പിക്കുകയാണ്. ഞാൻ മറ്റ് വിഷയങ്ങളിലേയ്ക്ക് കടക്കുകയാണ്. റവന്യൂ കമ്മി കുറയ്ക്കാനും വികസനച്ചെലവുകൾക്ക് പണം കൊടുക്കുവാനും കഴിയുന്നു എന്നതാണ് ഈ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിന്റെ, ശ്രീ. കെ. എം. മാണി സാറിന്റെ പ്രവർത്തനങ്ങളിലെ ഏറ്റവും അഭിനന്ദനമർഹിക്കുന്ന കാര്യമെന്ന് ചൂണ്ടിക്കാണിക്കുവാൻ

ഞാൻ ആഗ്രഹിക്കുകയാണ്. കാർഷികമേഖലയിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തുകയുണ്ടായി. ഹൈടെക്ക് കൃഷി രീതി ഇതുവരെയില്ലായിരുന്നു. കേരളത്തിൽ അതിന് ധനകാര്യവകുപ്പും കൃഷിവകുപ്പും ശക്തമായ നേതൃത്വം കൊടുക്കുകയാണ്. ബയോപാർക്ക്, ഗ്രീൻ ഹൗസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കേരളത്തിൽ ഏർപ്പെടുത്താനുള്ള തീരുമാനവുമായി ഗവൺമെന്റ് മുന്നോട്ട് പോകുമ്പോൾ കാർഷിക മേഖലയിലുണ്ടാകാൻ പോകുന്ന കുതിച്ചുചാട്ടത്തെപ്പറ്റി അഭിമാനത്തോടുകൂടി പറയാൻ കഴിയുമെന്ന ഉറച്ച വിശ്വാസമാണ് എനിക്കുള്ളത്. എന്തു ഭരണപരിഷ്കാരങ്ങൾ കൊണ്ടു വന്നാലും പ്രതിപക്ഷം അതിനെയെല്ലാം എതിർക്കുകയും ഭരണകക്ഷി അനുകൂലിക്കുകയും ചെയ്യും. അത് സ്വാഭാവികമാണ്. അനുകൂലിക്കുക, എതിർക്കുക എന്നതിൽ നിന്ന് വ്യത്യസ്തമായി ഗവൺമെന്റിന്റെ നല്ല നിലയിലുള്ള സമീപനത്തിന്റെ ഭാഗമായി റവന്യൂ കമ്മി കുറയ്ക്കുകയാണ് അത് നിസ്സാര കാര്യമാണോ? വികസനച്ചെലവിന് ഉടനടി പണം കൊടുക്കുകയാണ്. വലിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നു. എവിടെ പണമെന്ന് പ്രതിപക്ഷത്തിന് ചോദിക്കാനില്ല, കാരണം എവിടെനിന്നാണെന്ന് അറിയില്ല അത്ഭുതംപോലെ ആ വികസന പദ്ധതികൾക്കൊക്കെ ഉടനടി പണം കൊടുത്തുകൊണ്ട് മുന്നോട്ട് പോകുന്നു. അഞ്ച് കോടി രൂപയുടെ പ്രഖ്യാപനം വന്നു. അഞ്ച് വർക്ക് ആക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പത്ത് വർക്കാക്കണമെന്നും പ്രതിപക്ഷവും ഭരണകക്ഷിയും പറഞ്ഞു. എം.എൽ.എ-മാരുടെ അഭി

പ്രായം പത്താക്കണമെന്നാണെങ്കിൽ ഇതാ പിടിച്ചോ പത്ത്, പത്ത് വർക്കാക്കി. ജനങ്ങളുടെ ആവശ്യമെന്തെന്ന് മനസ്സിലാക്കിക്കൊണ്ട് അതിനനുസരിച്ച് തീരുമാനമെടുത്ത് നടപ്പാക്കുന്ന ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ധനവിനിയോഗ ബില്ലിനെ പുലഭ്യം പറയാതിരിക്കാനുള്ള സാമാന്യ നീതിയെങ്കിലും പ്രതിപക്ഷം പ്രകടിപ്പിക്കണമെന്നാണ് വിനയപുരസ്സരം അഭ്യർത്ഥിക്കാനുള്ളത്. മുസ്ലീംലീഗിലെ ബഹുമാനപ്പെട്ട സി. മമ്മൂട്ടി ഒരു കാര്യം ഇവിടെ പറഞ്ഞു. ഇ. എഫ്. എൽ. നെ സംബന്ധിച്ച് മാധ്യമരംഗത്ത് ചൂടേറിയ ചർച്ച നടക്കുന്ന സമയമാണ്. ചെറുനെല്ലി എസ്റ്റേറ്റെന്നു പറയുന്ന സമ്പന്നൻമാരുടെ ഭൂമിക്കുവേണ്ടി ശ്രീ. പി. സി. ജോർജ് ഉൾപ്പെടെ നിൽക്കുന്നൂവെന്ന്. ഞാൻ അതിനെ എതിർക്കുന്നുവെന്നതാണ് സത്യം. ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇതു സംബന്ധിച്ച മുഴുവൻ റെക്കോർഡുകളും എന്റെ കൈവശമുണ്ട്. ഈ റെക്കോർഡുകൾ മുഴുവൻ പരിശോധിച്ചാൽ ശ്രീ. പി. സി. ജോർജ് ഒരു സമ്പന്നനും ഭൂമാഫിയയ്ക്കുംവേണ്ടിയല്ല നിൽക്കുന്നതെന്ന് തെളിയും. ഇതുമുഴുവൻ ജനങ്ങളുടെ മുമ്പിൽ സമർപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. 278 ഏക്കർ ഭൂമിയാണ് ചെറുനെല്ലി എസ്റ്റേറ്റ്. ചെറുനെല്ലി എസ്റ്റേറ്റിനെ ഇംഗ്ലീഷിൽ പറയുമ്പോൾ Cherunelli എസ്റ്റേറ്റെന്നാണ്. ആ റെക്കോർഡുകൾ പരിശോധിക്കണം. അതിൽ ആകെ 278 ഏക്കറാണുള്ളത്. അതിൽ 36 മുതൽ 40 വരെ ചെറുകിട കൃഷിക്കാരാണുള്ളത്. 26.09.1867-ൽ ഷൺമുഖ മേനോനും ദിവാൻ ഓഫ് കൊച്ചിനും തമ്മിലുണ്ടാക്കിയ ലീസ്

ഡീഡാണ് എന്റെ കൈവശമുള്ളത്. ആ ലീസ് ഡീഡനുസരിച്ച് ' forever ' എന്നാണ് പറഞ്ഞിരിക്കുന്നത് അതിന്റെ റെക്കോർഡാണ് എന്റെ കൈവശ മിരിക്കുന്നത്. അന്നത്തെ ലീസ് ഡീഡിന്റെ കോപ്പിയാണ്. അതിൽ പറയു ന്നത്. ....his heir and assignees for ever subjects to the conditions and stipulations herein...... . സമയം കുറവായതുകൊണ്ട് ഇതുമുഴുവനും വായിക്കുന്നില്ല. നിങ്ങൾ ആവശ്യപ്പെട്ടാൽ ഇതുമുഴുവൻ മേശപ്പുറത്ത് വയ്ക്കാം. നിങ്ങൾ പേടിക്കണ്ട, ഇതിന്റെകോപ്പി നിങ്ങൾക്കും തരാൻ പോവുകയാണ്. ഈ ലീസ് ഡീഡിൽ പറയുന്നത് forever എന്നുമാത്രമല്ല ഇത് വിൽക്കാനും heirs-ന് കൊടുക്കുവാനും അവകാശമുണ്ടെന്ന് പറ ഞ്ഞിരിക്കുകയാണ്. forever എന്നുപറയുമ്പോൾ അതിന്റെ പ്രാധാന്യം മന സ്സിലാകും. ഇതിൽ കാലാവധി പറഞ്ഞിട്ടില്ല. എന്നാൽ കാലാവധി പറഞ്ഞ തോട്ടങ്ങളുണ്ട്. ഞാൻ ഇവിടെ ആവശ്യപ്പെട്ട ചെറുനെല്ലി എസ്റ്റേ റ്റിന്റെ ലീസ് ഡീഡ് forever ആണ് അതിന് കാലാവധി പറഞ്ഞിട്ടില്ല. lease forever എന്ന് പറഞ്ഞിരിക്കുന്നതുപോലെ തന്നെ ഒറിജിനൽ ലീസ് heirs-ന് കൊടുക്കാം എന്നുപറയുന്ന ഓർഡറിന്റെ കോപ്പിയാണ് ഇത്. ( ഓർഡറിന്റെ കോപ്പി ഉയർത്തിക്കാട്ടി) ഇതും ഞാൻ സഭയിൽ സമർപ്പി ക്കുവാൻ തയ്യാറാണ്. 1909-ൽ കൊച്ചിൻ ഗവൺമെന്റിന്റെ ഗസറ്റ് നോട്ടിഫി ക്കേഷനുണ്ട്. അതും എന്റെ കൈവശമുണ്ട്. ഇതുമുഴുവനും വായിക്കണ

മെന്ന് ആഗ്രഹമുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ വായിക്കുന്നില്ല. ഇതിന്റെ എൻക്ലോഷറിൽ പറഞ്ഞിരിക്കുന്ന ചെറുനെല്ലി പ്രദേശത്തെ ഉൾപ്പെടെ കുറേയേറെ എസ്റ്റേറ്റുകൾ വീണ്ടും ഫോറസ്റ്റാക്കി മാറ്റേണ്ടതാണ്. 1909-ലെ ഗവൺമെന്റ് ഗസറ്റാണ്. അതിനകത്തും ഫോറസ്റ്റാക്കേണ്ട എസ്റ്റേറ്റിന്റെ ഭാഗത്ത് ഞാൻ പറഞ്ഞ ചെറുനെല്ലി എസ്റ്റേറ്റിനെ ഉൾപ്പെടുത്തിയിട്ടില്ലെന്ന് ഈ റിപ്പോർട്ട് കാണുമ്പോൾ മനസ്സിലാക്കാൻ കഴിയും. ഗസറ്റിൽ കുറേ എസ്റ്റേറ്റുകളെപ്പറ്റി വളരെ വ്യക്തമായി പറഞ്ഞിരിക്കുന്ന കാര്യമുണ്ട്. ഇത് ഫോറസ്റ്റ് ലാന്റല്ല റവന്യൂ ലാന്റാണ്. വളരെ വ്യക്തമായി പറയുന്ന കാര്യം ഇവിടെ ചൂണ്ടിക്കാണിക്കാതിരിക്കാൻ പറ്റില്ല. ഇതുമുഴുവൻ 2009-2010 വരെ ചെറുനെല്ലി എസ്റ്റേറ്റിലെ ആളുകൾ ടാക്സ് അടച്ചതിന്റെ രസീതാണ് (രേഖ ഉയർത്തിക്കാണിച്ചു). അതിൽ പറയുന്നത് ഇതുമുഴുവൻ ക്വിറ്റ് റെന്റ് ആണെന്നാണ്. ക്വിറ്റ് റെന്റുമുണ്ട് ലീസ് റെന്റുമുണ്ട്. ക്വിറ്റ് റെന്റെന്നുപറഞ്ഞാൽ എന്താണ്? ക്വിറ്റ് റെന്റ് എന്നതിന്റെ അർത്ഥം അറിയാവുന്ന ഒരു ഫോറസ്റ്റ് ഉദ്യോഗസ്ഥൻ ഇത് വനഭൂമിയാണെന്ന് പറയുമോ? ക്വിറ്റ് റെന്റെന്ന് പറഞ്ഞാൽ അത് റവന്യൂ ഭൂമിയെന്നാണർത്ഥം. നൂറ്റാണ്ടുകളായി കൃഷിക്കാർ ക്വിറ്റ് റെന്റടച്ചുകൊണ്ടിരിക്കുന്ന ഭൂമിയാണ്. രസീതാണിത്, ഔദ്യോഗിക തെളിവുകളാണിത്. ഇത് നിഷേധിക്കാൻ ആർക്കും കഴിയില്ല.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മെമ്പർ ഇത് ധനവിനിയോഗ ബില്ലിനെ സംബന്ധിച്ചുള്ള ചർച്ചയാണ്.

ശ്രീ. പി. സി. ജോർജ്: ഇത് അങ്ങേയ്ക്ക് മനസ്സിലാകാത്തത് എന്റെ കുഴപ്പമല്ല. ഫോറസ്റ്റിൽ നിന്ന് ഇങ്ങനെ പണമീടാക്കാം. വീണുകിടക്കുന്ന തടിയൊക്കെ ഉണങ്ങികിടക്കുകയാണ് അതൊക്കെ വിറ്റ് കാശാക്കാം. അങ്ങനെ ധനകാര്യത്തിലേയ്ക്ക് കാശുണ്ടാക്കുന്ന ഉപദേശമാണ് കൊടുക്കുന്നത്. അങ്ങേയ്ക്ക് അത് മനസ്സിലാകാത്തതാണ്. എനിക്കത് മനസ്സിലാകുന്നുണ്ട്. ക്വിറ്റ് റെന്റെന്ന് പറഞ്ഞാൽ അത് മനസ്സിലാക്കണ്ടേ? വളരെ വ്യക്തമായി, 1896-ലും 1905-ലും അടച്ച രസീതിന്റെ കോപ്പിയാണിത്. ക്വിറ്റ് റെന്റാണെന്ന് അതിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. ക്വിറ്റ് റെന്റെന്ന് പറഞ്ഞാൽ എന്താണെന്ന് തർക്കിക്കുന്നവർക്ക് അറിയണ്ടേ? ക്വിറ്റ് റെന്റെന്ന് പറഞ്ഞാൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റു വാങ്ങുന്ന ടാക്സ് അതേപടി റവന്യൂ ഡിപ്പാർട്ട്മെന്റിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തുകൊടുക്കണം, കാരണം ഇത് റവന്യൂ ഭൂമിയാണ്. തെളിവുകളുടെ അടിസ്ഥാനത്തിൽ വളരെ വ്യക്തമായി പറയുകയാണ്. അതുപോലെ പ്ലാന്റേഷൻ ടാക്സ് അടച്ചുകൊണ്ടിരിക്കുന്നു. 13 ഏക്കറുള്ള റബ്ബർ തോട്ടം...... 1976-ൽ റബ്ബർ ബോർഡ് രജിസ്ട്രേഷൻ നൽകിയതുസംബന്ധിച്ചുള്ള റിക്കോർഡും എന്റെ കൈവശമുണ്ട്. 1976-ൽ റബ്ബർ ബോർഡ് രജിസ്ട്രേഷൻ നൽകിയ ഓർഡറിന്റെ കോപ്പിയാണ് എന്റെ കൈവശമിരിക്കുന്നത്.( ഓർഡറിന്റെ കോപ്പി ഉയർത്തിക്കാട്ടി) അതുപോലെ തൊഴിലും പുനരധിവാസവും വകുപ്പ് 2010-ൽ ഇറക്കിയ ഓർഡറിന്റെ ഒരു ഭാഗം മാത്രം വായിക്കാം. 'കേരളത്തിലെ തോട്ടം ഉടമകൾക്ക് കാലാവധി അവസാനിക്കുന്ന

മുറയ്ക്ക് കരാർ പുതുക്കി നൽകുവാൻ പര്യാപ്തമായ രീതിയിൽ പാട്ടക്കരാറിലെ വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതാണ്. ഇക്കോളജിക്കലി ഫ്രജയിൽ ലാൻഡ് എന്ന വിഭാഗത്തിൽപ്പെടുത്തി തോട്ടങ്ങൾ മുഴുവനായി പിടിച്ചെടുത്ത് വീണ്ടും വനമാക്കി മാറ്റുന്ന രീതിമാറ്റി പകരം തോട്ടങ്ങളെയും തൊഴിലാളികളെയും കർഷകരെയും സംരക്ഷിക്കുന്നതിനുള്ള നിയമ നിർമ്മാണ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.' - ഇടുതപക്ഷ ഗവൺമെന്റിന്റെ ക്യാബിനറ്റ് തീരുമാനമാണ് വായിക്കുന്നത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ ഓർഡറാണ് ഞാൻ വായിക്കുന്നത്. ഇത്രയേറെയുള്ള  പാവപ്പെട്ട കൃഷിക്കാരുടെ ഭൂമി പിടിച്ചടക്കരുത്, അവർക്ക് നഷ്ടപരിഹാരം കൊടുക്കണമെന്ന് പറഞ്ഞാൽ ഞാൻ എങ്ങനെ ഭൂമാഫിയയുടെ ആളാകും. ഒരുകാര്യം കൂടി സൂചിപ്പിക്കാം. ശ്രീ. സി. മമ്മൂട്ടി ഇവിടെ പറഞ്ഞകാര്യമാണ്. ഇക്കോളജിക്കലി ഫ്രജയിൽ എന്നുപറഞ്ഞ് ലാന്റ് ഇവിടെ എടുക്കണം. ഇവിടെ വനഭൂമിയുണ്ടെങ്കിൽ അത് എടുക്കേണ്ടിവന്നാൽ എടുക്കണം.  കൃഷിക്കാരന്റെ ഭൂമിയെടുത്താൽ മാത്രമേ പരിസ്ഥിതി സംരക്ഷിക്കുവാൻ കഴിയൂവെങ്കിൽ തീർച്ചയായും എടുക്കണം. ഈ റെക്കോർഡുകൾ പരിശോധിക്കുമ്പോൾ ഞാൻ പറഞ്ഞതിന്റെ വസ്തുത മനസ്സിലാകും. അതുപോലെ 2002-ൽ ഈ നിയമം കൊണ്ടുവന്നു 2003-ലാണ് സഭ ഇക്കോളജിക്കലി ഫ്രജയിൽ നിയമം പാസ്സാക്കിയത്. അതിന്റെ റൂൾസ് വന്നത് 2007-ലാണ്. മൂന്നുനാലുവർഷക്കാലംകൊണ്ട് കേരളത്തിലെ പാവപ്പെട്ട കർഷകന്റെ എത്രയോ ഏക്കർ

ഭൂമി ഇക്കോളജി ഫ്രെജയിൽ എന്ന ആക്ട് പ്രകാരം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് പിടിച്ചെടുത്തിട്ടുണ്ട്? ഇക്കോളജിക്കലി ഫ്രെജയിൽ റൂൾസ് വരുന്നത് 2007-ൽ, അത് നടപ്പിലാക്കുന്നത് 2008-ൽ, നാലുവർഷക്കാലം സി.സി.എഫ്. എന്നുപറയുന്ന അഹങ്കാരിയായ ഒരുദ്യോഗസ്ഥന് സൗകര്യ മുള്ളതുപോലെ ഡി.എഫ്.ഒ-യുടെ റിപ്പോർട്ടും വാങ്ങിച്ച് ആരോടും ചർച്ച ചെയ്യാതെ ഇതുമുഴുവൻ ഇ.എഫ്.എൽ-ൽ ഉൾപ്പെടുത്തി വസ്തു ഏറ്റെടു ക്കുകയാണ് ചെയ്തത്. ഇതിലെയൊക്കെ രഹസ്യമെന്താണെന്ന് അറി യാമോ? സെക്ഷൻ മൂന്ന് പ്രകാരം എടുക്കാം. സെക്ഷൻ നാലുമുണ്ട്. സെക്ഷൻ മൂന്ന് ആണെങ്കിൽ ഒരു പൈസയും നഷ്ടം കൊടുക്കേണ്ട. സെക്ഷൻ നാല് ആണെങ്കിൽ നഷ്ടം കൊടുക്കണം. ഇവിടെ കൃഷി ക്കാരന്റെ ഭൂമി ഒരു ഉദ്യോഗസ്ഥൻ സി.സി.എഫ്. എന്ന പേരിൽ ഏറ്റെടു ക്കുകയാണ്, വേറെ ആരോടും ചോദിക്കേണ്ട. സെക്ഷൻ മൂന്ന്, എളുപ്പ മുണ്ട്. ഒരു പൈസയും കൊടുക്കണ്ട. പൂഞ്ഞാർ രാജകുടുംബം, കണ്ണൂരു ള്ള രാജകുടുംബത്തിൽ കുമാരി എന്ന് വിളിക്കുന്ന രാജാവിന്റെ മകൾ എഴുപത്തൊമ്പതുകാരിയുടെ നിവേദനം എന്റെ കയ്യിൽ കിട്ടി. ഞാൻ ആ നിവേദനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിൽ കൊടുത്തു. എന്താണ് പ്രശ്നം? 1800 ഏക്കറോളം ഭൂമി ഉണ്ടായിരുന്ന രാജകുടുംബ ത്തിന് ഇപ്പോൾ 8 ഏക്കർ ഭൂമിയേ ഉള്ളു. ബാക്കി മുഴുവൻ ഗവൺമെന്റ് എടുത്തു. അവർക്ക് ഒരു പരാതിയുമില്ല. പക്ഷേ ആ കൃഷി ഭൂമി തോട്ടങ്ങ ളാക്കാൻ വേണ്ടി 35 ലക്ഷം രൂപ ബാങ്കിൽ നിന്ന് അവർ കടമെടുത്തു.

അതിൽ 30 ലക്ഷം രൂപയും അവർ അടച്ചു. ഗവൺമെന്റ് സ്ഥലവും കൊണ്ടുപോയി ലോൺ അടയ്ക്കേണ്ട സ്ഥിതി അവർക്കുമായി. 30 ലക്ഷം രൂപ അടച്ചു. ബാക്കി അടയ്ക്കാൻ പണമില്ല. ആ 5 ലക്ഷം രൂപ അട യ്ക്കാത്തതിന് 1,20,00,000 രൂപക്ക് അവർക്ക് ജപ്തി നോട്ടീസ് വന്നിരിക്കുകയാണ്. രാജകുടുംബത്തിൽ ജനിച്ചുപോയി എന്നതുകൊണ്ട് പട്ടിണികിടന്നാലും ജീവിക്കാൻ സമ്മതിക്കാതെ അവരുടെ മുതുകത്തുകയ റുന്ന നടപടി ശരിയാണോ; എനിക്കതിനോട് യോജിക്കാൻ കഴിയില്ല. രാജകുടുംബത്തിൽ ജനിച്ചുപോയി എന്നത് അവരുടെ കുറ്റമാണോ; അവർ തെറ്റു ചെയ്തതാണോ? കണ്ണൂരുള്ളവർക്ക് അറിയാമല്ലോ ആക പ്പാടെ എത്ര ഏക്കറുണ്ട് എന്ന്. നിങ്ങൾ ഒന്ന് ആലോചിക്ക്, നീതി യാണോ? അതാണ് ഞാൻ ഇവിടെ പറയുന്നത്. ഇവിടെ സെക്ഷൻ 3 പ്രകാരം എടുക്കുന്നു. ഫോറസ്റ്റിന്റെ സമീപപ്രദേശം വേണ്ടെന്ന് പറഞ്ഞിട്ട് ഇതൊന്നും നോക്കുന്നില്ല, എടുക്കുകയാണ്. റൂൾസ് വന്നപ്പോൾ ഉള്ള പ്രത്യേകത എന്താണെന്നുവച്ചാൽ 2007 ജൂൺ 8-നാണ് നോട്ടിഫിക്കേ ഷൻ. ജി.ഒ. പ്രകാരം 2035/2007 ആണ് ട്രൈബ്യൂണൽ. ഈ ട്രൈബ്യൂ ണൽ വരുന്നതിനുമുമ്പ് എടുത്തുപോയ ഭൂമിയെപ്പറ്റി തീരുമാനം എടു ക്കണ്ടേ? സി.സി.എഫ്. ചെയ്തത് ശരിയാണോ എന്നു നോക്കണ്ടേ? 2003-ലെ നിയമത്തിൽ ഹൈക്കോടതിക്കും ഒരു അധികാരവുമില്ല. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, ഇ.എഫ്.എൽ. നിയമപ്രകാരം പുതിയ

കോടതിക്ക് മാത്രമേ അധികാരമുള്ളൂ. ഏത് കോടതിയിൽ എന്നത് നോട്ടിഫൈ ചെയ്യുന്നത് 2008-ലാണ്. നിയമം ഉണ്ടാക്കിയത് 2003-ലാണ്, കോടതി വന്നത് 2008-ലാണ്. 2008-ൽ പാലക്കാട് ഒന്നാം ജില്ലാക്കോടതി നോട്ടിഫൈ ചെയ്തു. അതിൽ മലപ്പുറവും പാലക്കാടും തൃശ്ശൂരും ഉൾപ്പെടുന്നു. കോട്ടയം ജില്ലാക്കോടതിയാണ് മറ്റൊന്ന്, അതിൽ ഇടുക്കിയും എറണാകുളവും കോട്ടയവും ജില്ലകൾ ഉൾപ്പെടുന്നു. കോഴിക്കോട് ഒന്നാം കോടതി-വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ ഉൾപ്പെടുന്നു. കൊല്ലം ഒന്നാം കോടതി-ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകൾ. ഇങ്ങനെ നാല് കോടതികളാണ് ഇ.എഫ്.എൽ. നിയമപ്രകാരം പരാതികളുണ്ടെങ്കിൽ പരാതി സമർപ്പിക്കേണ്ട കോടതികൾ. 2003-ലെ ഇ.എഫ്.എൽ. നിയമപ്രകാരം കൃഷിക്കാരുടെ ഭൂമി മുഴുവൻ പിടിച്ചെടുത്തുകൊണ്ടിരിക്കുകയാണ്. പരാതി കൊടുക്കാൻ കോടതിയില്ല.

<u>മി. ചെയർമാൻ:</u> പ്ലീസ് കൺക്ലൂഡ്.....കൺക്ലൂഡ്.......

<u>ശ്രീ. പി.സി. ജോർജ്</u>: സർ, ഞാൻ നിർത്തുകയാണ്. ഞാൻ രണ്ട് മിനിട്ടേ എടുത്തുള്ളു. നാല് മിനിട്ട് എടുത്തവരുണ്ടല്ലോ.

<u>മി. ചെയർമാൻ:</u> മൂന്ന് മിനിട്ട് കഴിഞ്ഞു. ഒരു തർക്കവുമില്ല.

<u>ശ്രീ. പി.സി. ജോർജ്</u>: സർ, ഞാൻ ഒരു തർക്കത്തിനുമില്ല. കോടതി പോലുമില്ലാതെ പാവപ്പെട്ട കൃഷിക്കാരൻ നടക്കുകയാണ്. എന്തിനാണ് ഇ.എഫ്.എൽ. നിയമം കൊണ്ടുവന്നത്. ഫോറസ്റ്റ് ആക്ട് പ്രകാരം പാവപ്പെട്ട കൃഷിക്കാരന്റെ ഭൂമി തട്ടിയെടുത്തപ്പോൾ കൃഷിക്കാരൻ ഹൈക്കോട

തിയിൽ പോയി, ഹൈക്കോടതി കൃഷിക്കാരന് അനുകൂലമായി വിധിച്ചു. നേരെ സുപ്രീംകോടതിയിൽ പോയി, സുപ്രീംകോടതിയും കൃഷിക്കാരന് അനുകൂലമായി വിധിച്ചു. അപ്പോൾ പിന്നെ ഒരു രക്ഷയുമില്ല. ഓർഡർ സത്യവാങ്മൂലം കൊടുക്കാതെ വച്ചുകൊണ്ട് അവസാനം കൊണ്ടുപോയി ഇ.എഫ്.എൽ നിയമംഉണ്ടാക്കിക്കൊണ്ട് വോട്ടാണ് ലക്ഷ്യമിട്ടിരുന്നത്. ഇതു പോലെ റൗഡിസം കാണിച്ച ഉദ്യോഗസ്ഥന്മാരെ രക്ഷിക്കാൻ വേണ്ടിയാണ് ഇ.എഫ്.എൽ. നിയമം ഇവിടെ വന്നത്. ഇ.എഫ്.എൽ. നിയമം നിൽക്കട്ടെ, പക്ഷേ അതിലെ അപകാതകൾ തിരുത്തികൊണ്ടുപോകണം. പാലക്കാട് ജില്ലയിലെ എം.എൽ.എ.മാർ ഇവിടെയുണ്ട്. സ്വാതന്ത്ര്യത്തിനുശേഷം 1947 മുതലുള്ള ചരിത്രം പരിശോധിച്ചു നോക്കൂ. പാലക്കാട് ജില്ലയിലെ ഒരിഞ്ചു വനഭൂമിയെങ്കിലും കൃഷിക്കാരനോ തൊഴിലാളിയോ കയ്യേറിയതായി ചൂണ്ടിക്കാണിക്കാമെങ്കിൽ, ശ്രീ. ചെന്താമരാക്ഷൻ ഞാൻ ഈ നിമിഷം രാഷ്ട്രീയം നിർത്തും. അക്കാര്യത്തിൽ അങ്ങയെ ഞാൻ വെല്ലുവിളിക്കു കയാണ്. ഒരിഞ്ചുഭൂമി പോലും കയ്യേറിയിട്ടില്ല. അതിനാണ് ഞാൻ സംസാ രിക്കുന്നത്. പാവപ്പെട്ട കൃഷിക്കാരന്റെ രണ്ടും നാലും ഏക്കർ കൃഷി സ്ഥലം പിടിച്ചെടുക്കുന്ന, ഈ നാണം കെട്ട നടപടി എടുക്കുന്ന ഉദ്യോഗ സ്ഥന്മാരെ നിലയ്ക്ക് നിർത്താനുള്ള നടപടി ഈ വകുപ്പിലുണ്ടാകണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനവിനിയോഗബില്ലിനെ അനുകൂ ലിക്കുകയാണ്. ഞാൻ ഒരു കയ്യേറ്റത്തെയും അനുകൂലിക്കുന്നില്ല. ഒരു തെറ്റിദ്ധാരണയും വേണ്ട.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഞാൻ ധനവിനിയോഗ ബില്ലിനെ ശക്തമായി എതിർക്കുകയാണ്. വളരെ അപമാനകരമായ നിലയിൽ ഗവൺമെന്റിന്റെ ചീഫ് വിപ്പ് ചില കാര്യങ്ങൾ ഇവിടെ പ്രസ്താവിച്ചു. കേരളത്തിലെ നിക്ഷിപ്തവനങ്ങൾ എന്നറിയപ്പെട്ടിരുന്ന വനഭൂമിയിൽ കഴിഞ്ഞ ഏതാനും കാലമായി നടന്നുകൊണ്ടിരിക്കുന്നത് നല്ല ഒന്നാന്തരം തീവെട്ടിക്കൊള്ളയാണ്. എല്ലാക്കേസുകളും നാം തോൽക്കുകയാണ്. ഈ സാഹചര്യത്തെ സൂക്ഷ്മമായി പരിശോധിച്ച് ഗവൺമെന്റ് ഒരു നിലപാട് സ്വീകരിക്കണമെന്ന് ആഗ്രഹിക്കുന്നു. ആ പ്രശ്നത്തെയാകെ കുളം കലക്കുന്ന ഒരു സമീപനം സർക്കാരിന്റെ ചീഫ് വിപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാവുകയാണ്. സർക്കാരിന്റെ ചീഫ് വിപ്പിന്റെ ഈ കുളംകലക്കി നയമാണോ യു.ഡി.എഫ്.-ന്റെ നയം എന്ന് വ്യക്തമാക്കിയാൽ തരക്കേടില്ലായിരുന്നു. ഇത് ഒറ്റപ്പെട്ട ഒരു പ്രശ്നമല്ല. ഇന്നലെ ഇറങ്ങിയ മാതൃഭൂമി പത്രമാണിത്. (പത്രം ഉയർത്തിക്കാട്ടി) ശ്രീ. എം.വി. ശ്രേയാംസ് കുമാറിന്റെ ഉടമസ്ഥതയിലുള്ള പത്രത്തിൽ, ഇന്ദ്രൻ ഇന്നലെ എഴുതുകയാണ് 'ഒഞ്ചിയം ബഹളത്തിന്റെ തിരക്കിനിടയ്ക്ക് വിദ്യാഭ്യാസ വകുപ്പിലും റവന്യൂ വകുപ്പിലും വ്യവസായ വകുപ്പിലും വേറെ ഏതെല്ലാമോ വകുപ്പുകളിലും പിടിപ്പതു പണി നടക്കുകയായിരുന്നു. ഇനി എട്ടുകോളം ഹെഡ്ഡിംഗുകൾ അവിടെ നിന്നാകും തുരുതുരാ വരിക, കാത്തിരിക്കുക, അക്ഷമരായി.' കേരളത്തിലെ ഗവൺമെന്റ് തീവെട്ടികൊള്ളയ്ക്കുള്ള വിവിധ വകുപ്പുകൾ അന്വേഷിച്ചു

കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ ധനവിനിയോഗബില്ലിനെ അനുകൂലിക്കാൻ പറ്റില്ല. നികുതി നിരക്ക് വർദ്ധിപ്പിച്ചാണ് നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തുന്നത്. 27 ശതമാനം നികുതി വരുമാനം ഉള്ളതായിട്ടാണ് മാണി സാർ അവകാശവാദം ഉന്നയിക്കുന്നത്. പക്ഷേ അതിന് സമാന്തരമായി 25 ശതമാനം വരെ നികുതി നിരക്ക് വർദ്ധിപ്പിച്ചു. എൽ.ഡി.എഫ്.ഗവൺമെന്റ് നികുതി പിരിവ് ഊർജ്ജിതമാക്കി 20 ശതമാനം വർദ്ധിപ്പിച്ചപ്പോൾ നികുതി നിരക്കുകളിൽ വർദ്ധനവുണ്ടായിരുന്നില്ല. മാണി സാറിന്റെ ചില ആഗ്രഹങ്ങൾ മാധ്യമങ്ങളിലൂടെ പുറത്തുവന്നിട്ടുണ്ട്. അദ്ദേഹം ലോകത്താകമാനം പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു വാക്ക് കേരളത്തിലേയ്ക്ക് ഇംപോർട്ട് ചെയ്യാൻ ശ്രമിക്കുകയാണ്. ലോകത്തെ 68 രാജ്യങ്ങൾ കലാപകലുഷിതമായത് austeric measures/ചെലവ് ചുരുക്കൽ എന്ന പേരിൽ നടക്കുന്ന ജനവിരുദ്ധമായ, തൊഴിലാളി വിരുദ്ധമായ നടപടികളുടെ പേരിലാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അതിന് സമാനമായ ഒരു വിഭാവനയാണ് മാണി സാർ നടത്തിക്കൊണ്ടിരിക്കുന്നത്. 31 ശതമാനത്തിൽ നിന്ന് 15 ശതമാനമായി ചെലവ് ചുരുക്കുമെന്ന് ഈ ബഡ്ജറ്റ് വിഭാവനം ചെയ്യുകയാണ്. നികുതി പിരിവ് കൂട്ടിയ സർക്കാർ ചെലവ് കുറയ്ക്കാൻ വേണ്ടി ഒട്ടുനവധി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അത് ഈ നിയമസഭയിൽ ഇതുവരെ ചർച്ച ചെയ്യാത്ത കാര്യങ്ങളാണ്. എന്താണ് ഈ ഗവൺമെന്റിന്റെ കോൺട്രിബ്യൂട്ടറി

പെൻഷനുമായി ബന്ധപ്പെട്ട സമീപനം? പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ, ഏകീകരിക്കൽ മാറ്റമാണെന്നുപറഞ്ഞ ഈ ഗവൺമെന്റ് ഇപ്പോൾ പറയുന്നത് ഞങ്ങൾ അത് വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കും എന്നാണ്. നിയമനങ്ങൾ പൂർണ്ണമായും നിരോധിക്കുക എന്നത് ഈ ഗവൺമെന്റിന്റെ നയമാണെന്ന് മാധ്യമങ്ങളിലൂടെ പറഞ്ഞുകൊണ്ടിരിക്കുന്നു. സിവിൽ സർവ്വീസ് വെട്ടിച്ചുരുക്കൽ, അവരെ ഡിപ്ലോയ് ചെയ്യുന്ന സമീപനം തുടങ്ങിയ നിലപാടുകൾ സ്വീകരിക്കുന്നു. ഇതുതന്നെയാണ് ലോകത്ത് എല്ലാമേഖലകളിലും നടന്നുവരുന്നത്. ഈ ബുദ്ധിയൊന്നും ഇവിടത്തെ ബുദ്ധിയല്ല. പത്ത് അറുപത്തെട്ട് രാജ്യങ്ങളെ കലാപകലുഷിതമാക്കിയ ഈ വിദ്യ അമേരിക്കയിൽനിന്ന് പാലാ വഴി കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുവാനുള്ള മാണിസാറിന്റെ ഈ തീരുമാനം കേരളത്തിൽ വിലപ്പോകില്ല. അതുകൊണ്ട് ഞാൻ ഈ ധനവിനിയോഗബില്ലിനെ ശക്തിയായി എതിർക്കുകയാണ്.

കേരളത്തിന്റെ വികസനത്തിന് അടിത്തറപാകിയ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നു തദ്ദേശസ്വയംഭരണ രംഗത്തുണ്ടായ കുതിച്ചുചാട്ടം. അത് മൂന്നാക്കി വിഭജിച്ചു. ആ മേഖലയിൽ പദ്ധതിയുടെ ആസൂത്രണം തന്നെ ഇല്ലാതാകുന്ന ഒരു സ്ഥിതി വരാൻ പോകുകയാണ്. ഇനി പദ്ധതി വിഭാവനം ചെയ്ത് ആറുമാസം കൊണ്ട് ഇവർ എന്താണ് നടത്താൻ പോകുന്നത് എന്ന് അറിയില്ല. സാങ്കേതിക സമിതികളെല്ലാം മറ്റ് ഏതോ രാജ്യത്തുനിന്നുവന്നവരോ സാമൂഹ്യവിരുദ്ധരോ ആണെന്ന മട്ടിൽ പിരിച്ചുവിടു

മെന്ന് ആവേശത്തോടുകൂടി പറയുകയാണ്. സർവ്വീസിൽ ജോലി ചെയ്ത് വലിയ വൈദഗ്ധ്യമുള്ളവരുടെ സഹായം ഉപയോഗപ്പെടുത്തുന്നത് നിർത്തിവച്ചതിന്റെ ഭാഗമായി ഇനി ആരാണ് പദ്ധതി ആസൂത്രണം ചെയ്യേണ്ടത്? പ്രസിഡന്റുമാരും വൈസ് പ്രസിഡന്റുമാരും വന്ന് പദ്ധതി ആസൂത്രണം ചെയ്യണമോ? കാർഷിക മേഖലയിൽ വികേന്ദ്രീകരണം പൂർണ്ണമായി ഇല്ലാതാക്കിയതിന്റെ അനന്തര ഫലം അടുത്തവർഷം വരാൻ പോകുകയാണ്. അതിശക്തമായ നിലപാടുകളുടെ ഭാഗമായി കാർഷിക വികേന്ദ്രീകരണം ശക്തിപ്പെട്ടതിന്റെ ഫലങ്ങൾ കേരളം അനുഭവിച്ചുതുടങ്ങുമ്പോഴാണ് ഇനി ആ മേഖലയിലേയ്ക്ക് പോകേണ്ടതില്ല എന്ന നിലപാട് നമ്മൾ സ്വീകരിക്കുന്നത്. സംസ്ഥാനാടിസ്ഥാനത്തിൽ ഇക്കണോമിക് റിവ്യൂകൾ പ്രഖ്യാപിക്കാറുണ്ട്. ഞാൻ ഒരു നിർദ്ദേശം വയ്ക്കുകയാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ എല്ലാ വർഷവും ഇക്കണോമിക് റിവ്യൂ പ്രസിദ്ധീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. എന്താണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നടക്കുന്നത്? തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന പദ്ധതി വിഹിതം ഉപയോഗപ്പെടുത്തുന്നതിന്റെ നേട്ടകോട്ടങ്ങൾ വിശദീകരിക്കുന്ന ഒരു ഇക്കണോമിക് റിവ്യൂ ലോക്കൽ ബോഡികളുടെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കാൻ സർക്കാർ തയ്യാറാകണം. കേരളത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി പങ്കുചേർന്നുകൊണ്ടാണ് സ്ത്രീശാക്തീകരണം ശക്തിപ്പെട്ടത്. കുടുംബശ്രീയെ തകർത്ത് ജനശ്രീയെ ഇൻസർട്ട് ചെയ്യാനുള്ള ശ്രമം നടത്തുകയാണ്. ആരാണ് ഈ ജനശ്രീയെ

നയിക്കുന്നത്. അതിന്റെ ആസ്തി ആരുടെ പേരിലാണ്; ആരാണ് അതിന്റെ രജിസ്ട്രേഷൻ നടത്തുന്നത്; ആരുടെ നേതൃത്വത്തിലാണ് ആ ട്രസ്റ്റ്; അത് ട്രസ്റ്റാണോ സൊസൈറ്റിയാണോ: എന്താണ് ഈ ഫണ്ടിന്റെ സ്വഭാവം; അതിന്റെ സോഴ്സ് എന്താണ്? ഇതെല്ലാം വ്യക്തമാക്കണം. ഇതിൽ ഒരു എം. എം. ഹസ്സനെ മാത്രമാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന ത്. കുടുംബശ്രീയ്ക്ക് പകരം ഹസ്സൻശ്രീ കൊണ്ടുവരാനുള്ള തീരുമാനം എവിടെ നിന്നുണ്ടായതാണ്? സ്ത്രീശാക്തീകരണത്തോട് എടുക്കുന്ന ഈ സമീപനം ഒറ്റപ്പെട്ട ഒരു പ്രശ്നമല്ല. ദേശീയ സമ്പാദ്യപദ്ധതി - നാൽപ്പ തുവർഷമായി കേരളത്തിലെ സമ്പാദ്യ ഏജന്റുമാർക്ക് ലഭിച്ചുകൊണ്ടിരി ക്കുന്ന ആനുകൂല്യങ്ങളെല്ലാം വെട്ടിക്കുറയ്ക്കുവാനുള്ള ഒരു തീരുമാനം വരികയാണ്. ശ്യാമളാ ഗോപിനാഥൻ കമ്മീഷന്റെ റിപ്പോർട്ട് ഞങ്ങൾ നട പ്പിലാക്കില്ല എന്നായിരുന്നു എൽ.ഡി.എഫ്.-ന്റെ തീരുമാനം. അവരുടെ കമ്മീഷനുകളെല്ലാം വെട്ടിക്കുറയ്ക്കുവാനുള്ള തീരുമാനം ആ മേഖലയിൽ വരികയാണ്. അങ്ങനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധ പ്പെട്ടുകൊണ്ടുള്ള വികസ സാധ്യതകളുടെ വാതിലുകൾ മുഴുവൻ അവർ അടയ്ക്കുകയാണ്. കൃഷി വേണ്ടെന്ന് താഴേയ്ക്ക് നിർദ്ദേശം കൊടുത്തിട്ട് പിന്നെ എന്ത് കൃഷി വികസനമാണ് ഇവിടെ നടക്കാൻ പോകുന്നത്? കൃഷി വ്യാപനമാണോ എല്ലാവർക്കും പങ്കാളിത്തവും വരുമാനവും ഉറപ്പാ ക്കുന്ന കൃഷിയാണോ വേണ്ടത് എന്ന ഒരു പ്രശ്നം ഇവിടെ ഉണ്ട്. കഴിഞ്ഞ പതിനഞ്ച് കൊല്ലക്കാലമായി നാം ചർച്ച ചെയ്തത് എല്ലാവരു

ടെയും പങ്കാളിത്തത്തോടുകൂടിയുള്ള ഒരു കാർഷിക വ്യാപനത്തെ സംബ സ്ഡിച്ചാണ്. അത് പൂർണ്ണമായിട്ടും നശിപ്പിച്ച് കൃഷിയെ വ്യവസായവൽക്ക രിക്കാനുള്ള നീക്കം കൊണ്ടുവരികയാണ്. അതിന്റെ പൊതുജനസ്വഭാവം തകർക്കുകയാണ്. എങ്ങനെയാണ് കൃഷിയുടെ വികസനം ഉണ്ടാകുന്നത്? കൃഷിയെ സംബന്ധിച്ചുള്ള പ്രഖ്യാപനങ്ങൾ എല്ലാം പാഴ്വാക്കുകളായി മാറുന്ന സ്ഥിതിയുണ്ടായി. ഇതേ സ്ഥിതി പൊതുവിതരണ രംഗത്തും വരി കയാണ്. പോഷകാഹാര ലഭ്യതയുടെ ഭാഗമായിട്ടാണ് കേരളത്തിന്റെ വിക സന സൂചിക മുന്നോട്ട് പോയത്. രണ്ടു രൂപയ്ക്ക് 70 ലക്ഷം ആളുകൾക്ക് അരികൊടുക്കാനാണ് എൽ.ഡി.എഫ്. തീരുമാനിച്ചത്. യു.ഡി.എഫ്. ഒരു രൂപയ്ക്ക് മുപ്പതുലക്ഷം ആളുകൾക്ക് അരി കൊടുക്കാൻ തീരുമാനിച്ചു. 50 പൈസയ്ക്കും പതിനഞ്ച് ലക്ഷം ആളുകൾക്ക് അരി കൊടുക്കാം. അതു തന്നെ മര്യാദയ്ക്ക് കൊടുക്കുന്നില്ല. അങ്ങനെ പൊതുവിതരണ സമ്പ്ര ദായം തകരുകയും മറുഭാഗത്ത് അരി കെട്ടിച്ചീയുകയും ചെയ്യുകയാണ്. ഏഴേകാൽ ലക്ഷം മെട്രിക് ടൺ അരി ഇന്ത്യാരാജ്യത്ത് കെട്ടിച്ചീയുമ്പോ ഴാണ് ഈ ദുരന്തപൂർണ്ണമായ സ്ഥിതി കേരളത്തിലുണ്ടാകുന്നത്. കേരള ത്തിലെ ഭക്ഷ്യവകുപ്പിന് ഇക്കാര്യത്തിൽ ഒന്നും ഇടപെടാൻ കഴിയുന്നില്ല. വിലക്കയറ്റം വാണം പോലെ കുതിച്ചുകയറുകയാണ്. ഈ കാര്യത്തിൽ സർക്കാർ നിശ്ശബ്ദത പാലിക്കുകയാണ്. റേഷൻ കടകളിൽ പത്തു കൊല്ലം മുമ്പുള്ള വിലയും ഇപ്പോഴുള്ള വിലയും തമ്മിൽ താരതമ്യം ചെയ്തു നോക്കുക. റേഷൻകടകൾ നോക്കുകുത്തികളായി മാറിയിരിക്കു

കയാണ്. വിദ്യാഭ്യാസരംഗത്ത് ഇതിന് സമാനമായിട്ടുള്ള ഉത്തമ ഉദാഹരണങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ ചർച്ച കൊണ്ടുവരുമ്പോൾ ആ ചർച്ചകൾ ഏകപക്ഷീയമായി ആരെയോ ആക്രമിക്കാനെന്നുള്ള തെറ്റിദ്ധാരണയിൽ ആണ് മറുപടി വന്നുകൊണ്ടിരിക്കുന്നത്. പൊതുവിദ്യാഭ്യാസത്തിന്റെ മരണമണി മുഴങ്ങുന്നതും സർവ്വകലാശാലകളുടെ നേതൃത്വത്തിൽ മാത്രമല്ല, ഇവിടെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ കഴിഞ്ഞയാഴ്ച കൊടുത്ത തലക്കെട്ട് □സി.ബി.എസ്.ഇ.യോട് തോൽക്കുന്ന എസ്.എസ്.എൽ.സി.□ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന കുട്ടികൾക്ക് ക്ലാസ് പരീക്ഷ എഴുതുന്നവരോട് മൽസരിച്ച് പ്രവേശനം കിട്ടാത്തതിന്റെ ഫലമായി സാമൂഹ്യ സംഘർഷത്തിലേയ്ക്ക് കേരളം പോകുമ്പോൾ, ഈ ഗവൺമെന്റ് നോക്കുകുത്തിയായി നിൽക്കുകയാണ്. കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിന് ഇതിനെക്കുറിച്ച് ഒന്നും പറയാനില്ല. സർവ്വകലാശാലകളുടെ കൺസെപ്റ്റിനെത്തന്നെ പരിപൂർണ്ണമായി തകർക്കുന്ന സമീപനം സ്വീകരിക്കുകയാണ്. ഇതിന്റെയൊക്കെ ഭാഗമായിട്ടുള്ള പുഴുക്കുത്തുകൾ പൊട്ടിപ്പുറപ്പെട്ട് ചലം ഒഴുകുന്നതാണ് കെ.എസ്.യു.-വും എം.എസ്.എഫും ഒക്കെ പരസ്പരം പറഞ്ഞുകൊണ്ടിരിക്കുന്നത്. കെ.എസ്.യു. ഒരു തുറന്ന കത്ത് എഴുതിയിട്ടുണ്ട്. ആ തുറന്ന കത്ത് ഈ ഗവൺമെന്റ് ഒന്നു വായിക്കണം. അത് കേരള സ്റ്റുഡൻസ് യൂണിയൻ കോൺഗ്രസിന്റെ പോഷക സംഘടനയാണ്. അതിന്റെ പ്രസിഡന്റ് പറയുന്നത്, കേരളത്തിൽ സ്വാശ്രയ വിദ്യാഭ്യാസ രംഗം കച്ചവടത്തിന്റെ കൂത്തര

ങ്ങാണെന്നുള്ളതാണ്. ഇതിനെ സംബന്ധിച്ച് ഗവൺമെന്റ് ഒരു പരിശോധന നടത്തണം. അതേസമയം എം.എസ്.എഫ്. മറുപടി പറയുന്നത്, കെ. എസ്.യു. സിംഹവാലൻ കുരങ്ങ് എന്ന് പറയുന്ന സ്പീഷീസിന്റെ താഴേയ്ക്ക് പോയിക്കഴിഞ്ഞിരിക്കുന്ന ഒരു സാധനമാണ്, അത് പരിഗണിക്കേണ്ടതില്ലെന്നാണ്. സ്വാശ്രയ മേഖലയിലെ മെഡിക്കൽ കോളേജുകളുടെ കരാറിൽ 105 കോടി രൂപയുടെ അഴിമതി നടന്നിരിക്കുന്നത് റദ്ദ് ചെയ്യണമെന്നാണ് ആ എം.എസ്.എഫ് പറയുന്നത്. ഇതിന്റെ കൂട്ടത്തിലാണ് ഇവിടെ ദന്തൽ കോളേജുകൾക്ക് കൊടുത്തിരിക്കുന്നത് ആരും ചർച്ച ചെയ്യാതെ പോയതാണ്. വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ കണക്ക് പ്രകാരം 7500 ആളുകൾക്ക് ഒരു ദന്തൽ ഡോക്ടറുടെ ആവശ്യമുണ്ട്. ഇവിടെ ഇപ്പോൾ തന്നെ 3500 ആളുകൾക്ക് ഒരു ഡോക്ടറുണ്ട്. ഇരുപതിലധികം ദന്തൽ കോളേജുകളിൽ സീറ്റ് വർദ്ധിപ്പിച്ചു. കേരളത്തിൽ ഇപ്പോൾ തന്നെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് കൊടുക്കാത്ത സ്ഥലങ്ങളിലൊക്കെ സീറ്റ് വർദ്ധിപ്പിക്കുന്ന സ്ഥിതിയുണ്ടായി. അങ്ങനെ പാതിവെന്ത ഡോക്ടർമാരുടെയും പാതിവെന്ത പല്ല് ഡോക്ടർമാരുടെയും വിഹാര രംഗമായി കേരളം മാറി. പല്ലില്ലാത്തവരുടെ സംസ്ഥാനമായി കേരളം മാറേണ്ട ഗതികേടിലേയ്ക്ക് ദന്തൽ വിദ്യാഭ്യാസ കച്ചവടം പോവുകയാണ്. വിദ്യാഭ്യാസ കച്ചവടത്തിന്റെയൊക്കെ പേരിൽ മലപ്പുറത്ത് കുതിര കയറാൻ ചില ആളുകൾ ശ്രമിക്കുകയാണ്. മഹിളാ കോൺഗ്രസ് പാസ്സാക്കിയ ഒരു പ്രമേയമാണ് എന്റെ കൈയി

ലുള്ളത്. യു.ഡി.എഫ്. ഭരണത്തിൽ മലപ്പുറം പാകിസ്ഥാനാകുന്നു. ആരാണ് മലപ്പുറത്തേയും ഈ പ്രശ്നങ്ങളെയും വർഗ്ഗീയവൽക്കരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അഞ്ചാം മന്ത്രിയുടെ വിവാദം ആളിക്കത്തിച്ചത് കോൺഗ്രസ്സല്ലേ; മലപ്പുറം എന്നു പറയുന്നത് ലീഗിന്റെ കച്ചവട രാഷ്ട്രീയ താല്പര്യത്തിന്റെ ഭാഗമായിട്ട് കുറെ കാര്യങ്ങൾ നടത്തുന്നുണ്ടെങ്കിലും മലപ്പുറം അറേബ്യയിലെ അത്തറിനെക്കാളും സ്നേഹ സുഗന്ധമുള്ള ഒരു നാടാണെന്നുള്ള കാര്യം നിങ്ങൾ ഓർമ്മിക്കണം. മലപ്പുറം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അതുല്യനായ ആചാര്യൻ സഖാവ് ഇ. എം.ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നാടാണ്. തുഞ്ചത്ത് എഴുത്തച്ഛന്റെയും പൂന്താനത്തിന്റെയും മോയിൻകുട്ടി വൈദ്യരുടെയും ആയുർവേദത്തിന്റെ ലോക ആസ്ഥാനമായ കോട്ടയ്ക്കലിന്റെയും നാടാണ്. ലീഗിന്റെ രാഷ്ട്രീയ കച്ചവട താല്പര്യത്തിന്റെ പേരിൽ മലപ്പുറത്തെ അടച്ച് ആക്ഷേ പിക്കാനുള്ള ഈ നീക്കം ഒരിക്കലും ശരിയല്ല. എന്നും കോൺഗ്രസ് ഈ സമീപനം സ്വീകരിച്ചിട്ടുണ്ട്. ഞങ്ങൾ എന്തുകൊണ്ട് ലീഗിനെ സ്വീകരിച്ചു വെന്ന് ഒരു ചോദ്യം ഇവിടെ ചില ആളുകൾ ഉയർത്തിയിട്ടുണ്ട്.. 1921-ലെ കലാപത്തിനുശേഷം രാഷ്ട്രീയം മരുഭൂമിയായി മാറിയ ഒരു സ്ഥലമായി രുന്നു മലപ്പുറം. അവർ ഒറ്റപ്പെട്ടുപോയി. പല കോൺഗ്രസ് നേതാക്കളും അവിടെനിന്ന് താമസം കോഴിക്കോട്ടേയ്ക്ക് മാറ്റി. 1921-ലെ കലാപത്തിനു ശേഷം മരുഭൂമിക്ക് തുല്യമായ ഒരു ഭൂപ്രദേശത്തെ ഒറ്റപ്പെട്ട ഒരു സമൂ ഹത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം

എടുത്ത ഒരു തീരുമാനത്തിന്റെ ഭാഗമായിട്ടാണ് ഞങ്ങൾ ശക്തമായ ഒരു നിലപാട് സ്വീകരിച്ചത്. തൊപ്പിയൂരി വയ്ക്കാതെ സ്പീക്കറാകാൻ പാടില്ലാ യെന്ന് പറഞ്ഞ് ആ പ്രദേശത്തെ സമൂഹത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ ഞങ്ങൾ നിലപാട് സ്വീകരിച്ചു. ഒരു പള്ളിയുടെ ബോർഡ് മാറ്റാൻ അനുവാദം ഉണ്ടായിരുന്നില്ല. മലപ്പുറം പാലക്കാട് ജില്ലയുടെ ബോർഡറിലുള്ള പുലാമൻതോൾ പാലത്തിനരികെ ഒരു പള്ളി നില്പുണ്ട്. അതിനെ 57-ലെ പള്ളിയെന്നാണ് അറിയപ്പെടുന്നത്. കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയ്ക്ക് നേതൃത്വം കൊടുത്ത സഖാവ് ഇ. എം.എസ്.-ന്റെ നിർദ്ദേശ പ്രകാരമാണ് മലബാറിലെ പള്ളികളിൽ പുതുക്കി പണിയാനുള്ള അവകാശം കിട്ടിയതെന്ന കാര്യം മുസ്ലീംലീഗ് ഓർക്കണം. ആ മുസ്ലീംലീഗ് ഇപ്പോൾ പള്ളികളൊക്കെ കമ്മ്യൂണിസ്റ്റുകാർക്കെതിരെ പിരിവ് നടത്താനുള്ള സംവിധാനമാക്കി മാറ്റുകയാണ്. കഴിഞ്ഞ സഭാ സമ്മേളനത്തിൽ ശ്രീ.സി. മോയിൻകുട്ടി ചോദിച്ചു, പള്ളി നിങ്ങളുടേ താണോയെന്ന്. കേരളത്തിലെ ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിന് മലബാറിലെ പള്ളികളിൽ അവകാശം സ്ഥാപിക്കാൻ കഴിയുമെങ്കിൽ അത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് മാത്രമാണെന്നത് ലീഗ് ആലോചിക്കണം. ലീഗിന്റെ രാഷ്ട്രീയ കച്ചവടത്തിന്റെ പേരിൽ ഈ നിലയിലുള്ള സമീപനം സ്വീകരിക്കുന്നത് ശരിയല്ല. സർവ്വത്ര കുഴപ്പം എല്ലാ മേഖലയിലും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വരികയാണ്. എന്താണ് ഈ ഗവൺമെന്റിന്റെ ഇത്തരം കാര്യങ്ങളിലുള്ള നയം. ശ്രീ.പി.സി. ജോർജും

ശ്രീ. കെ.ബി. ഗണേഷ് കുമാറും തമ്മിലുള്ള തർക്കത്തെക്കുറിച്ച് നമുക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല. എന്താണ് ഗവൺമെന്റിന്റെ നയം. മുഖ്യമന്ത്രി പറഞ്ഞത് വനം വകുപ്പുമന്ത്രി പറഞ്ഞത് ശരിയാണ്, ചീഫ് വിപ്പ് പറഞ്ഞതിൽ തെറ്റില്ല എന്നാണ്. ഇങ്ങനെ ഒരു നിലപാട് എടുക്കാൻ പറ്റുമോ?. ഇവർ തമ്മിലുള്ള തർക്കത്തിന്റെ കാതൽ എന്താണ്? ഇത് കെ.പി.സി.സി. -യിൽ ഒരിടത്തും ചർച്ച ചെയ്തിട്ടില്ലയെന്ന്. കെ.പി.സി.സി. പ്രസിഡന്റ് ഇന്നലെ പറയുന്നതുകേട്ടു 2008-ലാണ് നമ്മൾ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കിയത്. ആ നിയമത്തിൽ ഇപ്പോൾ പെട്ടെന്ന് ആരോരും അറിയാതെ നിയമസഭ ചർച്ച ചെയ്യാതെ വെള്ളം ചേർത്ത് 2005-ലേയ്ക്ക് കൊണ്ടുപോകേണ്ട ഒരു അടിയന്തര പ്രാധാന്യം എന്തായിരുന്നു കേരളത്തിലുണ്ടായത്. എന്താണ് ഇതിന് പുറകിലുള്ള വിഷയം. ആയിരക്കണക്കിന് ഏക്കർ വരുന്ന ഭൂമി കൈയ്യടക്കി വച്ചിട്ടുള്ള, അവിടെ അനധികൃതമായി മണ്ണിട്ടു നികത്തിയ റിയൽ എസ്റ്റേറ്റ് മാഫിയകളെ സഹായിക്കാനുള്ള ഇരുട്ടിന്റെ മറവിൽ നടന്ന ഒരു കൂട്ട് കച്ചവടമല്ലേ അവിടെ നടന്നത്. ആ കൂട്ടു കച്ചവടത്തിന്റെ ഭാഗമായിട്ട് ആരോരും അറിയാതെ വന്ന കാര്യം മന്ത്രിസഭാ തീരുമാനമായിട്ട് ചില ആളുകൾ മാധ്യമങ്ങൾ വഴി പുറത്തു കൊണ്ടുവന്നപ്പോൾ രക്ഷപ്പെടാനുണ്ടാക്കിയ വാദകോലാഹലങ്ങളല്ലേ ഇവിടെ നടക്കുന്നത്. കേരളത്തിൽ 2005-ന് മുമ്പാണ് ഞങ്ങൾ മണ്ണിട്ട് നികത്തിയതെന്ന് പറഞ്ഞ്, ഇനി മണ്ണിട്ട് നികത്തി വന്നവരെ തടയാൻ എങ്ങനെയാണ് സാധിക്കുന്നത്.. ഞാൻ

എന്റെ മണ്ഡലത്തിലെ അനുഭവം ഒരിക്കൽ സബ്മിഷനായി ഉന്നയിക്കാൻ ശ്രമിച്ചു. ചങ്ങനംകുളത്ത് തൃശ്ശൂർ-കോഴിക്കോട് നാഷണൽ ഹൈവേയുടെ വക്കത്ത് ഒരു അർദ്ധരാത്രികൊണ്ട് 28 ലോറി മണ്ണ് കൊണ്ടുപോയി ഇട്ട് നികത്തുകയുണ്ടായി. ഗവൺമെന്റ് അതിനൊരു നിലപാട് സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോടതി റവന്യു പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്ത് അയച്ചിട്ട് നാലര മാസമായി. മൂന്നു കുട്ട മണ്ണ് അവിടെനിന്നും മാറ്റിയെങ്കിലും ബാക്കിയെല്ലാം അവിടെ കിടക്കുകയാണ്. ആ പ്രദേശം ഉൾപ്പെടെ 2005 -ന് മുമ്പ് നികത്തിയതാണെന്നാണ് ഇനി പറയാൻ പോകുന്നത്.. 2005 -ന് മുമ്പിട്ട് മണ്ണാണോ എന്ന് പരിശോധിക്കാൻ ഒരു വകുപ്പുമില്ല. കേരളത്തിൽ അമ്പതിനായിരം ഏക്കർ ഭൂമി ഇതിനകം തന്നെ അനധികൃതമായി മണ്ണിട്ട് നികത്തിയവരെ സഹായിക്കാനുള്ള റിയൽ എസ്റ്റേറ്റ് മാഫികളുടെ കൂട്ടുകെട്ടിന്റെ ഭാഗമായിട്ടാണ് നടക്കുന്നത്. ഈ നിലയിൽ സമൂഹത്തിൽ ഒരന്തരീക്ഷം സൃഷ്ടിക്കുന്ന, സമൂഹത്തിൽ വിപരീതമായ ഒരു ദിശ സൃഷ്ടിക്കുന്ന ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ ആയുധമായി, ഒറ്റമൂലിയായിട്ട് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് പോലീസിനെയാണ്. ഏതെടുത്താലും ഒന്നര രൂപ എന്നു പറയുന്നതുപോലെ ഏത് പ്രശ്നം വന്നാലും ഇതുതന്നെ തഞ്ചം, ഇന്ദ്രൻസ് പറഞ്ഞതുപോലെ ആകെ പറയാനുള്ളത് ചില കൊലക്കേസുകളെക്കുറിച്ചു മാത്രമാണ്. കേരളത്തിൽ ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഇന്ന് ദുര്യോധനന്റെ ഗതിയാവരുതെന്നാണ് എനിക്ക്

പറയാനുള്ളത്. ഒരു കൗരവപ്പടയാണ് അപ്പുറത്തിരിക്കുന്നത്. ആ കൗരവ പ്പടയിൽ ഒരു ദുശ്ശള ഇരിപ്പുണ്ട്. ആ ദുശ്ശളയോട് ഞങ്ങൾക്ക് അല്പം സ്നേഹമുണ്ട്. ആ ദുശ്ശള ഇതൊന്നും അറിയാതിരിക്കുകയാണ്. ഈ ദുശ്ശളയുടെ വേദനയിൽ പങ്കുകൊണ്ടുകൊണ്ട് ഈ കൗരവപ്പടയ്ക്ക് തെറ്റായ ഉപദേശം കൊടുത്തുകൊണ്ടിരിക്കുന്ന *******ആരാണെന്ന് മനസ്സിലാക്കാനുള്ള ബുദ്ധി ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഉണ്ടാകണം. ഈ *******കേരളത്തിന്റെ കൗരവപ്പടയുടെ ഭരണപക്ഷ രാഷ്ട്രീയത്തെ തകർക്കും. ആ *******ആരാണെന്ന് സ്വയം ആലോചിച്ചാൽ മതി. *******ഉപദേശത്തിന് അനുസരിച്ചാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ******* എന്തും എപ്പോഴും പറയും, ആരെയും ചീത്ത പറയും, എവി ടെനിന്നും എന്തും വിളിച്ചു പറയും, തോന്നുമ്പോൾ തോന്നുന്നത് പറയുന്നവൻ *******തോന്നുമ്പോൾ തോന്നുന്നത് പറയുന്ന *******ബുദ്ധി സ്വന്തം മന്ത്രിമാരേയും സ്വന്തം മുഖ്യമന്ത്രിയേയും എല്ലാം അടച്ചാക്ഷേപി ക്കുന്ന ഒരു *******ഉപദേശത്തിന് വിധേയമായി ഈ കൗരവപ്പട പോയാൽ ഈ ദുശ്ശള ഒഴികെയുള്ളവരെല്ലാം മഹാഭാരത യുദ്ധത്തിൽ സംഭവിച്ചതിന്റെ ഉത്തരവാദികളായിട്ട് സ്വയം മരിക്കേണ്ടിവരുമെന്ന ബോദ്ധ്യം നിങ്ങൾക്കുണ്ടാകണം. ഇവിടെ ഫോൺവിളികളുടെ മാത്രം അടിസ്ഥാനത്തിൽ കേസന്വേഷണം നടത്തി തെളിവെടുത്തുകൊണ്ടിരി ക്കുന്ന ആഭ്യന്തര വകുപ്പുമന്ത്രി ദുര്യോധനന്റെ കാട്ടുനീതിയാണ് നടപ്പിലാ ക്കുന്നതെന്ന ധാരണ നിങ്ങൾക്കുണ്ടാകണം. നിങ്ങൾ എല്ലാ ഫോണുകളും

പരിശോധിക്കുന്നുണ്ടോ, 20 സെക്കന്റ് നേരം സംസാരിച്ച കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ മുൻ പ്രസിഡന്റിനെ നിങ്ങൾ അറസ്റ്റ് ചെയ്ത് കുറച്ച് ദിവസങ്ങളായി ജയിലിൽ അടച്ചു. ശ്രീ. പി.കെ. ബഷീറിന്റെ ഫോൺ നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ, ശ്രീ. കെ. സുധാകരന്റെ മൊബൈൽ ഫോൺ നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ, മൊബൈൽ ഫോണുകൾ എന്തെങ്കിലും പരിശോധിച്ചിട്ടുണ്ടോ, നിങ്ങൾക്ക് ഇഷ്ടമുള്ള മൊഴികൾ നിങ്ങൾ എടുക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് : സർ, പോയിന്റ് ഓഫ് ഓർഡർ റൂൾ 307. കേരള നിയമനിർമ്മാണ സഭയിലെ ഭരണപക്ഷത്തുള്ള 73 അംഗങ്ങളുണ്ട്. സ്പീക്കർ ഒഴിച്ച് 72 പേർ. അവരിൽ ആരെപ്പറ്റിയായാലും ശരി, *******എന്ന് കാട് അടച്ച് വെടിവയ്ക്കുന്നത് ശരിയല്ല. ആരെപ്പറ്റിയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കണം. അല്ലെങ്കിൽ അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം. [1]

മി. ചെയർമാൻ അത് പരിശോധിച്ച് വേണ്ടതുപോലെ ചെയ്യാം.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ചരിത്രവും പുരാണവും ഇതിഹാസവും അറിയുന്ന ആളുകൾക്ക് *******സ്വാഭാവം എന്താണെന്ന് മനസ്സിലാകും.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ടെലിഫോൺ സംഭവം നിയമസഭയിൽ

---

സഭാ രേഖ പരിശോധിച്ച് തീരുമാനിക്കുന്നതാണ്

കൊണ്ടുവന്നത് ശ്രീ. എളമരം കരീമാണ്. അദ്ദേഹമാണ് പറഞ്ഞത് എം. എൽ.എ.-മാരുടെ ടെലിഫോൺ ഒക്കെ ചോർത്തുന്നുണ്ട്, അത് അന്വേഷി ക്കണമെന്നു പറഞ്ഞു. ഞാൻ അന്വേഷിക്കാമെന്നു പറഞ്ഞു. അന്വേഷിക്കു ന്നത് അദ്ദേഹത്തിന്റെ നിർദ്ദേശം അനുസരിച്ചാണ്. അത് രേഖകളിലുണ്ട്. അന്വേഷിക്കുമ്പോൾ എല്ലാം അന്വേഷിക്കും. പകുതി മാത്രം അന്വേഷി ച്ചാൽ മതി, ബാക്കി അന്വേഷിക്കരുതെന്ന് ദയവായി പറയരുത്. അതൊരു നീതിബോധമുള്ള ഏർപ്പാടല്ല. അതുകൊണ്ട് അന്വേഷണം നടക്കട്ടെ. അന്വേഷണത്തെ എന്തിനാണ് ഭയപ്പെടുന്നത്. അന്വേഷണം നടന്നോട്ടെ.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഫോൺ ചോർത്തുന്നതും അങ്ങ് പറഞ്ഞതും ഞാൻ ഉന്നയിച്ച വിമർശനവും രണ്ടും രണ്ടാണ്. ഫോൺ ചോർത്തലുമായി ബന്ധപ്പെട്ട പരാതി അങ്ങ് അന്വേഷിക്കുന്നത് നല്ലതാണ്. അങ്ങ് പ്രമാദമായ ഒരു കൊലക്കേസിന്റെ മുഖ്യതെളിവുകളാ യിട്ട് കണ്ടെത്തിക്കൊണ്ടിരിക്കുന്നത് 20 സെക്കന്റ് ഫോണിൽ സംസാരിച്ചു വെന്നുള്ളതാണ്. മൊബൈൽ ഫോണിൽ സംസാരിച്ചത് പ്രമാദമായ തെളി വായിട്ട് സ്വീകരിക്കുമെങ്കിൽ നിങ്ങൾ ശ്രീ. പി.കെ. ബഷീറിന്റെ ഫോൺ 7-ാം തീയതിക്കും കൊലപാതകം നടന്നതിന്റെ തലേദിവസവും പരിശോ ധിക്കുമോ? ശ്രീ. കെ. സുധാകരന്റെ ഫോൺ പരിശോധിക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വെല്ലുവിളിക്കുന്നുവെന്ന് പറയുകയില്ല. കാരണം, അതിനുള്ള ത്രാണി എനിക്കില്ല. പക്ഷേ ശ്രീ. എളമരം കരീമിനോട്

സ്നേഹത്തോടെ ഒരു വാക്ക് പറയാം. അന്വേഷിക്കേണ്ടായെങ്കിൽ അന്വേഷിക്കേണ്ടായെന്ന് അങ്ങ് ഇങ്ങോട്ട് പറയുക,. സത്യസന്ധമായി പറയൂ, അങ്ങ് ഒന്നു പറയുകയും ശ്രീ. പി. ശീരാമകൃഷ്ണൻ മറ്റൊന്നു പറയുകയും ചെയ്യരുത്. നിങ്ങൾ തമ്മിൽ തർക്കമാണോ? നിങ്ങൾ തമ്മിൽ തെറ്റലാണോ? ഉണ്ടെങ്കിൽ ആ വിവരം പറഞ്ഞോ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, അനധികൃതമായി ഒരാളുടെ ഫോൺ ടാപ്പ് ചെയ്യുന്നതും ഞാൻ ഉന്നയിച്ച പ്രശ്നവും രണ്ടും രണ്ടാണ്. നിങ്ങൾ പ്രമാദമായ ഒരു കേസ്സിൽ മുഖ്യത്തെളിവായി 63 ആളുകളെ അറസ്റ്റ് ചെയ്തപ്പോൾ അതിന് പ്രധാനമായിട്ടും മൊബൈൽ ഫോൺ വിളികൾ ഉപയോഗപ്പെടുത്തി ഒരു കേസ് നിങ്ങൾ ഫോം ചെയ്യുകയാണ്. 20 സെക്കന്റ് നേരവും 12 സെക്കന്റ് നേരവും സംസാരിച്ച ആളുകളെ ആരോ സംസാരിച്ചതിന്റെ പേരിൽ, ഊഹാഭോഗത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ കൊലക്കേസിൽ പ്രതികളാക്കുകയാണെന്ന മട്ടിൽ മാധ്യമ വിചാരണയ്ക്ക് വിട്ടു കൊടുക്കുകയാണ്. അതേസമയം നിങ്ങളുടെ നേതൃത്വത്തിൽ ഇരിക്കുന്ന ഈ ഗവൺമെന്റ് ശ്രീ. കെ. സുധാകരന്റെ ഫോൺ പരിശോധിക്കാൻ തയ്യാറുണ്ടോ? കുനിയിൽ കൊലക്കേസിന്റെ തലേദിവസത്തെ ഫോൺ വിളികൾ മൊബൈൽ ഫോണുകളിൽ സംസാരിച്ചത് പരിശോധിച്ച് നിലപാട് സ്വീകരിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ഇരട്ട നീതിയുടെ ദുര്യോധനന്റെ കാട്ടു നിയമങ്ങൾ നടപ്പിലാക്കിയാൽ അതിന്റെ പിന്നിലൊരു ഉപദേശം ഉണ്ട്. ആ ഉപദേശി ശ്രീ. സി. പി.

മുഹമ്മദ് അല്ല., ശ്രീ. സി.പി. മുഹമ്മദിനെതിരെ ഞങ്ങൾക്ക് ഒരു ആക്ഷേപ വുമില്ല. ആ ഉപദേശി ആരാണെന്നും ഈ ഉപദേശത്തിന്റെ പുറകെ പോയാൽ കൗരവ പ്പടയുടെ അന്ത്യമായിരിക്കും ഈ ഗവൺമെന്റിന് ഉണ്ടാ കാൻ പോകുന്നതെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തമാ യിട്ട് എതിർക്കുന്നു.

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. സത്യത്തിൽ ഈ ബില്ലിനെ പ്രതിപക്ഷം എതിർക്കാൻ പാടില്ലെന്നുള്ളതാണ് എന്റെ അഭിപ്രായം. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം, ഏത് കാലത്താണ് ഒരു എം.എൽ.എ.-യ്ക്ക് എം. എൽ.എ. ഫണ്ടിന് പുറമെ അഞ്ചുകോടി രൂപ ഒരു വർഷം സ്വന്തം നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ളത്? ഒരു എം.എൽ.എ.-യ്ക്ക് അഞ്ചുകോടി രൂപ വീതം അഞ്ചു വർഷത്തേയ്ക്ക് 25 കോടി രൂപ, ഈ നിമിഷം വരെ അങ്ങനെയൊരു സംഭവം കേരള നിയമസഭയിൽ ഉണ്ടായിട്ടില്ല. കേരള നിയമസഭയിൽ മാത്രമല്ല, ഇൻഡ്യയിൽ ഒരിടത്തുമില്ല. പല എം.പി.-മാരും എന്നോട് ചോദിച്ചു. അഞ്ചുകോടി രൂപ ഒരു വർഷത്തേയ്ക്ക് നിയോജക മണ്ഡലത്തിൽ ഇഷ്ടം പോലെ ചെലവഴിക്കാൻ ഒരു എം.എൽ.എ.-യ്ക്ക് അനുവാദം കിട്ടുന്നു എന്നു പറഞ്ഞാൽ എന്താ? അങ്ങനെ അനുവദിച്ചിരിക്കുന്ന ഒരു സർക്കാർ, അതിൽ ഭരണകക്ഷിയും പ്രതിപക്ഷവുമൊന്നുമില്ല. നിങ്ങൾ പതിനഞ്ചുകോടി രൂപ കൊടുത്തു കാണും അത് ഭരണകക്ഷിക്ക് മാത്രമായിരിക്കും. അതല്ലാതെ കേരളത്തിന്റെ ബഡ്ജറ്റിൽ പറഞ്ഞുകൊണ്ടോ കേരള നിയമസഭയിൽ പറഞ്ഞുകൊണ്ടോ ചെയ്തിട്ടില്ല. ഞാൻ പറയുന്നത്, തർക്കത്തിന് പോകേണ്ട, ഈ ധനവിനിയോഗ ബില്ലിനെ നമ്മൾ അംഗീകരിച്ചില്ലെങ്കിൽ ഈ അഞ്ചുകോടി രൂപ വീതം അഞ്ചു വർഷത്തേയ്ക്ക് 25 കോടി രൂപ ചെലവഴിക്കാൻ കഴിയാതെ വരും. അതുകൊണ്ട് അതിനുള്ള സാധ്യതയെന്നുള്ള നിലയിൽ

ഇതിനെ എതിർക്കരുത് എന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട ധന കാര്യ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഏൽപ്പിച്ചിട്ടാണ് പോയത്. അദ്ദേഹത്തോട് ശ്രീമതി ഗീതാ ഗോപി, ശ്രീ. പി.സി. ജോർജ് ഉൾപ്പെടെയുള്ളവർ പറഞ്ഞിട്ടുള്ള ഒരഭിപ്രായം, അഞ്ച് വർക്ക് എന്നുള്ളത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്, പക്ഷേ ഇതേവരെ ഒഫീഷ്യലായി ഡിക്ലയർ ചെയ്തിട്ടില്ല. അത് മിനിമം പത്ത് വർക്ക് എങ്കിലുമാക്കണം. എല്ലാവരും അവിടെ കയ്യടിക്കുന്നതുകൊണ്ട്. അത് ഈ സഭയുടെ പൊതുവികാരമായി എനിക്ക് തോന്നുന്നു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ധന കാര്യ വകുപ്പുമന്ത്രിയോട് ഇന്നുതന്നെ അത് പ്രഖ്യാപിക്കാൻ പറയണം. ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയെ ധനകാര്യവകുപ്പുമന്ത്രി യോട് പറയാൻ ഏൽപ്പിക്കുകയാണ്. ഇവിടെ തെരഞ്ഞെടുപ്പിന് മുമ്പ് സാധാരണ റോഡുകളിൽ തകൃതിയായി പണി നടക്കുന്നതാണ്. ഏതെ ങ്കിലും ഒരു റോഡ് കഴിഞ്ഞ വർഷം മഴക്കാലം കഴിഞ്ഞ ഈ സമയത്ത് നടക്കുവാൻ കഴിയുമായിരുന്നോ? ഇന്ന് എന്താണ് സ്ഥിതി? ഏത് നിയോ ജക മണ്ഡലത്തിലെ ഏത് മെയിൻ റോഡാണ് മോശമായി കിടക്കുന്നത്? കേരളത്തിലെ ഒട്ടുമിക്കവാറും പ്രധാനപ്പെട്ട റോഡുകളും നല്ല സ്ഥിതിയി ലാണ്. ഈ സെഷൻ തുടങ്ങി ഒന്നര മാസമായിട്ടും ഇന്നേവരെ ഒരാളു പോലും റോഡ് മോശമാണെന്ന് ഒരു വാക്ക് പറഞ്ഞിട്ടില്ല. സാധാരണ ഗതി യിൽ ഒരു നിയമസഭയിൽ ഏറ്റവും കൂടുതൽ വിമർശനമുണ്ടാകുന്നത്. റോഡിനെക്കുറിച്ചാണ്. ഒരാൾപോലും ഒരു വാക്ക് പറഞ്ഞില്ല. അത്ര

മനോഹരമായി കേരളത്തിലെ റോഡുകൾ മുഴുവൻ പണിതിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ നമുക്ക് എങ്ങനെ എതിർക്കാൻ കഴിയും? ശ്രീ. പി. സി. ജോർജ് സംസാരിച്ചപ്പോൾ എല്ലാവരും വലിയ ബഹളം വയ്ക്കുന്നത് കേട്ടു. ശ്രീ. പി.സി. ജോർജ് കർഷകർക്കുവേണ്ടി എന്തെങ്കിലുമൊന്ന് പറഞ്ഞുപോയി അതല്ലെങ്കിൽ അതിലെ ന്യായം ഒന്ന് നോക്കാൻ പറഞ്ഞതുകൊണ്ട് അദ്ദേഹത്തിന്റെ പുരോഗമന സ്വഭാവം പോയി എന്ന് പറയാൻ പാടില്ല. പറഞ്ഞതിൽ സത്യമുണ്ടോ, ന്യായമുണ്ടോയെന്ന് പരിശോധിക്കണം. അതല്ലാതെ ഏതെങ്കിലുമൊരു ഭാഗത്ത് പറഞ്ഞാൽ മാത്രമേ പുരോഗമനമാകൂ, വിപ്ലവമാകൂ എന്ന തെറ്റിദ്ധാരണയുണ്ടാകരുത്. ആ പറഞ്ഞതിൽ ന്യായമുണ്ടോയെന്ന് പരിശോധിക്കണം. ന്യായമില്ലെങ്കിൽ തള്ളിക്കളഞ്ഞേക്കുക, ന്യായമുണ്ടെങ്കിൽ അത് പരിശോധിക്കുക, അംഗീകരിക്കുക അത്ര മാത്രമേ എനിക്ക് ഈ കാര്യത്തെക്കുറിച്ച് പറയാനുള്ളു. ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ നിന്നുകൊണ്ട് കുറേ കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം ടെലിഫോൺ ചോർത്തലിനെക്കുറിച്ച് പറഞ്ഞു. അദ്ദേഹം കൂട്ടത്തിൽനിന്ന് പണിതതാണെന്ന് എനിക്ക് പിടികിട്ടി. ഇന്നു രാവിലെ പത്രത്തിൽ ഞാൻ വായിച്ചത്, ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ വരെ ഫോൺ ചോർത്താൻ പാർട്ടി നേതൃത്വം പാർട്ടിയുടെ യൂണിയൻകാരെ ചുമതലപ്പെടുത്തി, വളരെ വിദഗ്ദ്ധമായി ആ കർമ്മം പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദനെ മാത്രമല്ല, അദ്ദേഹത്തിന്റെ സ്റ്റാഫ്,

ഗ്രൂപ്പിൽപ്പെട്ട എം.എൽ.എ.-മാർ, നേതാക്കന്മാർ എല്ലാവരുടേയും ടെലി ഫോൺ ചോർത്തുന്നതായിട്ടാണ് വായിച്ചത്. ശ്രീ. എളമരം കരീം കഴിഞ്ഞ ദിവസം ഈ കാര്യം ഇവിടെ സൂചിപ്പിച്ചപ്പോൾ ഞാൻ ഓർത്തില്ല, ഇതൊരു മുൻകൂർ ജാമ്യമെടുക്കലായിരുന്നുവെന്ന്. അദ്ദേഹം പറഞ്ഞ പ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ തിരിച്ച് വെല്ലുവിളിച്ച് അങ്ങനെ യൊരു സംഭവമുണ്ടെങ്കിൽ അന്വേഷിക്കുമെന്ന് പറഞ്ഞു. നമ്മളാരും ഓർത്തില്ല. പിന്നീടാണ് നമ്മൾ അറിയുന്നത് ടി.പി. ചന്ദ്രശേഖരന്റെയും അതുപോലെ കണ്ണൂർ ഭാഗത്ത് നടക്കുന്ന കൊലപാതക കേസ്സിലെ അന്വേ ഷണ ഉദ്യോഗസ്ഥന്മാരുടെ ഫോൺ ചോർത്താൻപോലും മാർക്സിസ്റ്റ് പാർട്ടി അവരുടെ പാർട്ടി സംവിധാനം ഉപയോഗിക്കുന്നുവെന്നുള്ള ഞെട്ടി പ്പിക്കുന്ന വാർത്തയാണ് പുറത്തു വന്നത്. ഏത് കാലഘട്ടത്തിൽ ആര് ചെയ്തിരിക്കുന്നു? ഞാൻ സി.പി.ഐ.(എം)-നെ സംബന്ധിച്ച് ഇത്രയും കാലം ഓർത്തത് ഏതെങ്കിലും അബദ്ധത്തിലൊക്കെ കൊലപാതകക്കേസ്സു കളിൽ പെട്ടുപോയതാണെന്നാണ്. . എങ്കിലും ഇങ്ങനെ ഓരോന്നോരോന്ന് വരുമ്പോൾ ഞാൻ ഓർക്കും, ഇത് എന്തൊരു മഹാ കാര്യമായാണ് നടന്നു കൊണ്ടിരിക്കുന്നത്, എത്ര പേരുടെ കൊലപാതകങ്ങളാണ്? ചന്ദ്രശേഖരൻ, ഫസൽ, ഷുക്കൂർ, ഇടുക്കി ജില്ലയിൽ നിരവധി കൊലപാതകങ്ങൾ നടക്കു ന്നു, ഓരോന്നോരോന്ന് പുറത്തുവരികയാണ്. ഇപ്പോൾ ഏറ്റവുമവസാനം സ്വന്തം പാർട്ടിക്കാരൻ കാരായി സജീവൻ ആരായിരുന്നു? ജയകൃഷ്ണൻ മാസ്റ്റർ വധക്കേസ്സിൽ സി.പി.ഐ.(എം) പ്രതിയാക്കി ചേർത്ത ആളാണ്.

കാരായി സജീവൻ പുറത്ത് രഹസ്യം പറയുമെന്ന് ബോധ്യമായപ്പോൾ തട്ടിക്കളഞ്ഞു. സത്യം പറഞ്ഞാൽ നിങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഒരു ഭീകര പ്രസ്ഥാനമായി. മാറിയിരിക്കുന്നു. കേരള സമൂഹം നിങ്ങൾ എന്ത് പറഞ്ഞാലും ഒരു ഭീകര പ്രസ്ഥാനമായിട്ടാണ് പറയുന്നത്. അഴീക്കോട്ടെ കൊലപാതകം, അതുപോലെ എത്ര കൊലപാതകങ്ങളാണ്? അൽ-ഖൊയ്ദ, താലിബാൻ എന്നൊക്കെ പറയുന്നതുപോലുള്ള ഓപ്പറേഷൻ സിസ്റ്റമാണ് നിങ്ങൾക്കുള്ളത്. നിങ്ങളുടെ പാർട്ടി ഗ്രാമങ്ങളിൽ ഒളിപ്പോർ സംഘങ്ങളെ പാർപ്പിക്കാൻ എല്ലാ സംവിധാനങ്ങളോടുംകൂടിയ ഷെൽട്ടർ ഒരുക്കുന്നു, ജയിലിലെത്തുന്ന പ്രതികൾക്കുവേണ്ടി പ്രത്യേകമായ ബ്ലോക്കുകളുണ്ടാക്കുന്നു, ആ ബ്ലോക്കിൽ പ്രത്യേക ഭക്ഷണം കൊടുക്കുന്നു, അവർക്ക് ലഹരി പദാർത്ഥങ്ങൾ കൊടുക്കുന്നു, എല്ലാവിധ ടെലികമ്മ്യൂണിക്കേഷൻ സാധ്യതകൾ കൊടുക്കുന്നു, അവിടേയ്ക്ക് മറ്റാർക്കും പ്രവേശിക്കാൻ കഴിയാത്ത സാഹചര്യങ്ങളുണ്ടാക്കുന്നു. ടെലിഫോണുകൾ ചോർത്താനുള്ള പ്രത്യേക സംവിധാനങ്ങളുണ്ടാക്കുന്നു, ആരെങ്കിലും പുറത്തുനിന്നു വന്നാൽ അന്വേഷിക്കാനും പിടിക്കാനും.പാർട്ടി ഗ്രാമങ്ങളിൽ റഡാറുകൾ വരെ സ്ഥാപിച്ചിരിക്കുന്നുവെന്നാണ് പറയുന്നത്. ഇങ്ങനെയൊരു സമാന്തര സംവിധാനമായി പോകുകയാണ് നിങ്ങളുടെ രാഷ്ട്രീയ പ്രസ്ഥാനം. എന്നിട്ട് ഇവിടെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറയുകയാണ്, ടെലിഫോൺ ചോർത്തുന്നുവെന്ന്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെയില്ല. പാവം, അദ്ദേഹം കഴിഞ്ഞ

നാലഞ്ച് വർഷങ്ങളായി ഒരു പക്ഷേ ഈ പീഡനം അനുഭവിച്ചുകൊണ്ടിരിക്കുകയായിരിക്കും. അദ്ദേഹത്തിന് അരോടെങ്കിലും സംസാരിക്കാൻ പറ്റുമോ? ഈ പാർട്ടി ഓരോരുത്തരെ പുറത്താക്കുന്നു എന്നു കേട്ടപ്പോൾ വേറെ ഏതെങ്കിലും രീതിയിൽ പാർട്ടി സംവിധാനത്തിലുള്ള തെളിവെടുപ്പ് നടത്തിയിട്ട് ആയിരിക്കുമെന്നാണ് കരുതിയത്. ഇതുപോലെ ടെലിഫോൺ ചോർത്തി രഹസ്യം പിടിച്ചിട്ടാണ് ഈ പാർട്ടി ആളുകളെ പുറത്താക്കുന്നതെന്ന വിവരം ഞങ്ങളൊക്കെ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. മലപ്പുറത്തെക്കുറിച്ച് വളരെ വികാരപരമായി സംസാരിച്ചു.

ശ്രീ. പി. സി. ജോർജ് : സി.പി.ഐ.(എം)-ന്റെ പാർട്ടിയിലെ പരാതി, ടെലിഫോൺ ചോർത്തുന്നുവെന്ന് പറഞ്ഞ് പരാതി കൊടുത്തയാളെ പുറത്താക്കി ടെലിഫോണിലൂടെ ചോർത്തിയ ആൾ ഇപ്പോഴും പാർട്ടിയുടെ സ്റ്റേറ്റ് സെക്രട്ടറിയേറ്റ് മെമ്പറായി ഇരിക്കുന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ജോസഫ് വാഴക്കൻ : സർ, പാർട്ടി സെക്രട്ടേറിയറ്റിലുള്ള ഒരു നല്ല പങ്ക് ആളുകളും ഇതും ഇതിനേക്കാളും കുറ്റകരമായ കാര്യങ്ങളും ചെയ്തിട്ടിരിക്കുന്നവരാണ്. അതുകൊണ്ട് ഇതൊന്നും അത്ര പുതുമയുള്ള കാര്യങ്ങളല്ല. ഇത്തരം കാര്യങ്ങളൊക്കെ കേരളത്തിൽ നിർബാധം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഭൂമി നികത്തുന്നതിനെക്കുറിച്ച് വളരെ വികാരഭരിതനായി സംസാരിച്ചു. ശ്രീ. മുല്ലക്കര രത്നാകരൻ അന്ന് നിയമസഭയിൽ വികാരഭരിതനായി സംസാരിച്ചു.

സ്വന്തം കൊച്ചിനെ കുത്തിക്കൊല്ലുന്നു. അദ്ദേഹം പഴയ ഒരു കഥാപ്രസംഗകനാണ്. വളരെ നല്ല രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കാൻ അറിയാവുന്ന ആളാണ്. അതിമനോഹരമായ അദ്ദേഹത്തിന്റെ അവതരണം കേട്ട് എന്റെ കണ്ണ് നിറഞ്ഞുപോയി. കാരണം, അദ്ദേഹത്തിന്റെ കുഞ്ഞിനെ കുത്തിക്കൊല്ലാൻ പോകുന്നത്, അദ്ദേഹം സൃഷ്ടിച്ചതാണ് ഈ നെൽവയൽ സംരക്ഷണ നിയമം അതിനെ കൊല്ലുന്നു എന്നൊക്കെ പറഞ്ഞു. പക്ഷേ അദ്ദേഹത്തിന്റെ ആ കുഞ്ഞിന്റെ ഉച്ചിയിൽ വച്ച കൈ തന്നെയാണ് ഉദകക്രിയ നടത്താൻ വേണ്ടി ഉപയോഗിച്ചതെന്ന കാര്യം ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോഴാണ് അദ്ദേഹത്തിന് ബോധ്യപ്പെട്ടത്. ഒന്നുകിൽ കഴിഞ്ഞ മന്ത്രിസഭയുടെ കാലഘട്ടത്തിൽ അങ്ങയെപ്പോലെയുള്ള പല മന്ത്രിമാരും ഒരു വിഷയവും അറിഞ്ഞിരുന്നില്ല.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്:</u> സർ, പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസം തിരുവല്ലയിൽ പറഞ്ഞത് വ്യവസായ വകുപ്പാണ് തീരുമാനമെടുത്തത്. അതിന്റെ സെക്രട്ടറിയാണ്. അദ്ദേഹം അറിഞ്ഞിട്ടില്ല, ശ്രീ. മുല്ലക്കര രത്നാകരൻ അറിഞ്ഞിട്ടില്ല എന്നൊക്കെയാണ്. അങ്ങനെയാണെങ്കിൽ ശ്രീ. എളമരം കരീം അക്കാര്യത്തെക്കുറിച്ച് ഒരു വിശദീകരണം നൽകേണ്ടതാണെന്ന് അങ്ങ് കരുതുന്നുണ്ടോ?

<u>ശ്രീ. ജോസഫ് വാഴക്കൻ:</u> സർ, തീർച്ചയായും. ഈ പറഞ്ഞതിനർത്ഥം അന്നത്തെ വ്യവസായ വകുപ്പ് സെക്രട്ടറി ശ്രീ. ടി. ബാലകൃഷ്ണ

നാണ് ഇത് നടത്തിയതെന്നാണ്. വ്യവസായ വകുപ്പുസെക്രട്ടറിയാണ് ഇത് ചെയ്തതെങ്കിൽ വ്യവസായ വകുപ്പുമന്ത്രി അതിന് മറുപടി പറയേണ്ടതാണ്. അതുപോലെതന്നെ ശ്രീ. മുല്ലക്കര രത്നാകരന്റെ പത്രസമ്മേളനം ഞാൻ കണ്ടതാണ്. മാർച്ച് ഒന്നാം തീയതിയാണ് പുതിയ ഇലക്ഷന്റെ നോട്ടിഫിക്കേഷൻ വന്നത്. അതിന് ആറ് ദിവസം മുമ്പ് 2011 -ഫെബ്രുവരി മാസം 24-ാം തീയതിയാണ് ഈ നോട്ടിഫിക്കേഷൻ ഇറങ്ങിയത്. ആറൻമുളയിലെ ഈ ഭൂമി പ്രത്യേക ഇൻഡസ്ട്രിയൽ ഏരിയ ആയി പ്രഖ്യാപിച്ചത്. ഇൻഡസ്ട്രിയൽ ഏരിയ പ്രഖ്യാപിച്ചു. മുഖ്യമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചു, 2500 ഏക്കർ ഇല്ലെന്നൊക്കെ. പിന്നീട് വലിയ ആക്ഷേപങ്ങൾ വന്നു. ഒരു തെറ്റിദ്ധാരണയും വേണ്ട. ആറ് പേജ് നിറയെ ഉള്ള സർവ്വേ നമ്പരുകൾ അതിലുണ്ട്. ആ സർവ്വേ നമ്പറുകളിൽപ്പെട്ട ഭൂമിയെല്ലാം കൂടി നോക്കിയാൽ ഏതാണ്ട് പത്തുരണ്ടായിരം ഏക്കർ വരും. നിങ്ങൾ വളരെ ബുദ്ധിപരമായി ചെയ്ത കാര്യം അതിനകത്തുണ്ട്. 500 ഏക്കറാണ് ഈ എയർപോർട്ടിന് വേണ്ടതെന്ന് പറഞ്ഞ് ആറ് പേജ് നിറച്ച് സർവ്വേ നമ്പറിറക്കി. ഈ സർവ്വേ നമ്പറിനകത്ത് ചില സർവ്വേ നമ്പറിൽ ഇരുനൂറ് ഏക്കർ കാണും. ചില സർവ്വേ നമ്പറിൽ നൂറ് ഏക്കർ കാണും. ആ ഇരുനൂറ് ഏക്കറിൽ നിന്ന് ഈ എയർപോർട്ടിന്റെ ആവശ്യത്തിന് ചിലപ്പോൾ ഒന്നോ രണ്ടോ ഏക്കർ മതിയാകും. പക്ഷേ നിങ്ങൾ വളരെ ബുദ്ധിപരമായിട്ട് ഇതെല്ലാംകൂട്ടി വച്ചങ്ങ് അനൗൺസ് ചെയ്തപ്പോൾ ഏതാണ്ട് പത്ത് രണ്ടായിരത്തഞ്ഞൂറ് ഏക്കറങ്ങോട്ട് അനൗൺസ്

ചെയ്തു. ആരും ചോദ്യം ചെയ്തില്ലായിരുന്നുവെങ്കിൽ നിങ്ങൾ ആ രണ്ടായിരത്തഞ്ഞൂറ് ഏക്കർ ഇൻഡസ്ട്രിയൽ ഏരിയ ആയി പ്രഖ്യാപിച്ച് അഞ്ഞൂറ് ഏക്കർ എയർപോർട്ടുകാർക്കും വിട്ടേനെ, ബാക്കി നിങ്ങൾ റിയൽ എസ്റ്റേറ്റ് മാഫിയയ്ക്ക് കച്ചവടവും നടത്തിയേനെ. ഭാഗ്യത്തിന് അപ്പോഴേയ്ക്കും ഗവൺമെന്റ് ഒന്ന് മാറി വീണു എന്നേയുള്ളു. ഈ ഗവൺമെന്റ് വന്നില്ലായിരുന്നുവെങ്കിൽ അതിന്റെ അവസ്ഥയെന്തായേനേ? അപ്പോൾ വിറ്റേനെ. എന്നിട്ട് അതിനെക്കുറിച്ച് തർക്കിക്കുകയാണ്. 2500 എന്ന് മുഖ്യമന്ത്രി എന്തോ തെറ്റ് പറഞ്ഞുവെന്ന്. ഒരു തെറ്റുമില്ല. സത്യ മായി നടന്നിട്ടുള്ള കാര്യങ്ങളാണ്. അതല്ലെങ്കിൽ പറയണം ഇന്ന സർവ്വേ നമ്പറിൽ ഇത്രയേക്കർ അങ്ങനെ പ്രത്യേകിച്ച് എടുത്തുപറഞ്ഞില്ല. അല്ലെ ങ്കിൽ എടുത്തുകഴിഞ്ഞിട്ട് ഡീനോട്ടിഫൈ ചെയ്യണം. ഈ രണ്ട് കർമ്മ ങ്ങളും നടക്കാത്തിടത്തോളം അത്രയുംതന്നെയാണ് ചെയ്തിരിക്കുന്നത്. അതിനൊന്നും യാതൊരു സംശയവുമുള്ള കാര്യങ്ങളല്ല. ആ ഭൂമി എടു ത്തതിനെക്കുറിച്ച് ഇന്നത്തെ മുഖ്യമന്ത്രി അന്നത്തെ മുഖ്യമന്ത്രിയുടെ ഒരു ഉത്തരവ് എടുത്തുകാണിച്ചു. എന്താണ് ആ ഉത്തരവിലുണ്ടായിരുന്നത്? ശ്രീ. കെ. സി. രാജഗോപാലൻ എന്ന ആറൻമുള എം.എൽ.എ. പ്രതിപക്ഷ നേതാവിന് പ്രിയപ്പെട്ട ആളുതന്നെയായിരുന്നു. അദ്ദേഹം ഇംഗ്ലീഷിൽ എഴു തിയിരിക്കുകയാണ് ഭൂമി നികത്തിയിരിക്കുന്നു.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്:</u> ശ്രീ. കെ.സി. രാജഗോപാലനും ശ്രീ. വി. എസ്. അച്ചുതാനന്ദനും നന്നായി മലയാളം അറിയാം. പിന്നെന്തിനാണ് ഇംഗ്ലീഷിൽ കത്തെഴുതിയതെന്ന് അങ്ങേയ്ക്ക് മനസ്സിലായിട്ടുണ്ടോ?

<u>ശ്രീ. ജോസഫ് വാഴക്കൻ:</u> അത് കെ.ജി.എസ് ഗ്രൂപ്പുകാർ അടിച്ചു കൊടുത്തതാണ്. ലെറ്റർ പാഡ് മാത്രമേ അദ്ദേഹം കൊടുത്തിട്ടുള്ളു. അതിനകത്ത് ഒരു പ്രധാനപ്പെട്ട കാര്യമെന്താണ്? ഇതിൽ പറഞ്ഞിരിക്കുന്നത് അവിടെ ഭൂമി നികത്തിയിരിക്കുന്നു, അത് റെഗുലറൈസ് ചെയ്യണം. റെഗുലറൈസ് ചെയ്യണമെന്നതിന്റെ അടിയിൽ ഇദ്ദേഹം മലയാളത്തിൽ എഴുതിയിരിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുവേണ്ടി ആവശ്യമായ എല്ലാ നടപടികളും നടത്തിയതിനുശേഷം എന്നെ വിവരമറിയാൻ പറഞ്ഞു. എന്നു പറഞ്ഞാൽ ഇതുമുഴുവൻ റെഗുലറൈസ് ചെയ്ത് നിയമവിധേയമാക്കി എന്നെ അറിയിക്കാനാണ് പറഞ്ഞത്. എന്റെ അറിവ് ശരിയാണെങ്കിൽ അവിടെ അത്യാവശ്യം തുട്ട് വീണിട്ടുണ്ട്. അത് അന്വേഷിക്കേണ്ട ഒരു കാര്യമാണ്. തുട്ട് വീഴിച്ചിട്ടുള്ളവർ ആരൊക്കെ വാങ്ങിയിട്ടുണ്ടെന്നതിന്റെ കഥകൾ വരുംദിവസങ്ങളിൽ പുറത്തുവരും. അതുകൊണ്ട് കൂടുതൽ അക്കാര്യത്തെക്കുറിച്ച് സംസാരിക്കാതിരിക്കുകയായിരിക്കും നല്ലത്. ശ്രീ. കെ. സി. രാജഗോപാലൻ ഇങ്ങനെ ഒരു ഗ്രൂപ്പിനുവേണ്ടി ഇതുകൊണ്ട് വന്നപ്പോൾ വെറുതേ വന്നെന്നാണോ ധരിച്ചിരിക്കുന്നത്. ഇതിൽ വന്നിരിക്കുന്ന പേരുകളൊക്കെ കേട്ടാൽ ഞെട്ടിപ്പോകും. സഖാവ് വി.എസ്. അച്ചുതാനന്ദനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. കാരണം,

അദ്ദേഹം ഈ രാജ്യത്തെ അഴിമതി വിരുദ്ധരുടെ അപ്പസ്തോലനാണ്,. അഴിമതിക്കെതിരെ പോരാട്ടം നടത്തുന്ന ഒരാളാണ്. അദ്ദേഹം ഇത്തര മൊരു കാര്യത്തിന് കൂട്ടുനിൽക്കുമെന്ന് തോന്നുന്നില്ല. പക്ഷേ അദ്ദേഹത്തിന് വേണ്ടപ്പെട്ടവരും ചുറ്റുപാടുമുള്ളവരും അയൽപക്കത്തുള്ള വരും കുടുംബത്തിലുള്ളവരുമൊക്കെ ഇതിൽപ്പെട്ടാൽ അദ്ദേഹം ചില പ്പോൾ മിണ്ടാതിരിക്കേണ്ടി വരും ചിലപ്പോൾ ഇതെല്ലാം വിഴുങ്ങേണ്ടി വരും. അതുകൊണ്ട് അക്കാര്യത്തെക്കുറിച്ച് കൃത്യമായി ഒന്നും പറയുന്നി ല്ല. വേണ്ടി വന്നാൽ ഇതിനെക്കുറിച്ച് ചർച്ചകൾ മുന്നോട്ടുപോയാൽ അതിന്റെ കാര്യങ്ങൾ കൊണ്ടുവരുമെന്ന് മാത്രമറിയിക്കാൻ ആഗ്രഹിക്കു ന്നു. ഇവിടെ ശ്രീ. പിണറായി വിജയൻ നേരത്തെ ഒരു സ്റ്റേറ്റ്മെന്റ് ഇറക്കി അദ്ദേഹം പറഞ്ഞു 'ഈ പാർട്ടിയെക്കുറിച്ച് നിങ്ങൾക്ക് ഒരു ചുക്കുമറിയി ല്ല'. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു 'പട്ടാളം വിചാരിച്ചാലും ഞങ്ങൾ ഒരുത്തനെ ഒളിപ്പിച്ചാൽ തൊടാൻ പറ്റില്ല എന്ന്. കുഞ്ഞനന്തനെ എത്ര ദിവസം ഒളിപ്പിച്ചു. തൊട്ടോ നിങ്ങൾ? ഞങ്ങൾ കോടതിയിലേയ്ക്ക് വിട്ടപ്പോൾ അയാൾ കോടതിയിൽ വന്നു.' ഇതൊക്കെ പറയുമ്പോഴും ഇത്രയും വിദഗ്ദ്ധമായി കാര്യങ്ങൾ ഓപ്പറേറ്റ് ചെയ്യാൻ പറ്റുന്ന ഒരു പാർട്ടിയാണെന്ന് കരുതിയിരുന്നില്ല. സത്യത്തിൽ ശ്രീ. കോടിയേരി ബാല കൃഷ്ണൻ പറഞ്ഞത് ഏറ്റവും ഭീകരമായ കാര്യമാണ്. ഒരു ജനാധിപത്യ സംവിധാനത്തിൽ പോലീസ് അന്വേഷിക്കുന്ന ഒരു പ്രതിയെ ഞങ്ങൾ സംരക്ഷിക്കും. കേരളത്തിന്റെ പഴയ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന

ആളാണ് പറയുന്നത്. ആ രീതിയിൽ ഇവിടെ അദ്ദേഹം സ്റ്റേറ്റ്മെന്റ് കൊടുത്തു. നിയമവാഴ്ചയെ വെല്ലുവിളിക്കുകയാണുണ്ടായത്. നമുക്ക് ആ വിഷയത്തെക്കുറിച്ച് ചർച്ച പോലുമാകുന്നില്ല. ഇതിനെ സംബന്ധിച്ച് അന്വേഷിക്കണമെന്നാണ് എനിക്ക് അഭിപ്രായമുള്ളത്. ഇതിന്റെ കാര്യങ്ങൾ എവിടെയാണെന്നുള്ളതിനെക്കുറിച്ച് പറയണം. അതുപോലെതന്നെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞ മറ്റൊരു കാര്യമുണ്ട്. അദ്ദേഹം ഇവിടെ വർഗ്ഗീയ പ്രീണനത്തെക്കുറിച്ച് സൂചിപ്പിച്ചു. സി.പി.ഐ (എം) നെ സംബന്ധിച്ചിടത്തോളം ഇത്ര വിദഗ്ദ്ധമായി വർഗ്ഗീയത വച്ച് കളിക്കാനും വിറ്റ് കാശാക്കാനും കഴിയുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെ ഞാൻ ജീവിതത്തിൽ കണ്ടിട്ടില്ല. ഞാൻ തെളിവുകൾ നിരത്തി പറയാം. നിങ്ങൾ ഓരോ കാലഘട്ടത്തിൽ ഓരോ പ്രീണനമാണ്. പ്രത്യേകിച്ച് ഒരു പ്രീണനമില്ല. ഒരു കാലഘട്ടത്തിൽ മുസ്ലീം പ്രീണനമായിരിക്കും. പിന്നെ കുറേക്കാലം ക്രിസ്ത്യൻ പ്രീണനമായിരിക്കും. പിന്നെ കുറേക്കാലം ഹിന്ദു പ്രീണനമായിരിക്കും. ഇങ്ങനെ ഓരോ ദിശകൾ മാറി വരുന്നതുപോലെ, ഋതുക്കൾ മാറി വരുന്നതുപോലെ ഹേമന്തം, ശരത്കാലം, ശിശിര കാലം, ഗ്രീഷ്മകാലം, എന്നൊക്കെ പറയുന്നപോലെ ഹിന്ദുപ്രീണനകാലം, മുസ്ലീം പ്രീണനകാലം, ക്രൈസ്തവ പ്രീണനകാലം അങ്ങനെ ഘട്ടങ്ങൾ മാറി വരികയാണ്. ഇ.എം.എസ്. -ന്റെ കാലഘട്ടത്തിൽ ഷബാനു കേസ് സുപ്രീംകോടതിയിൽ നടക്കുന്ന കാലഘട്ടത്തിൽ അന്നത്തെ പ്രധാനമന്ത്രി രാജീവ് ഗാന്ധി മുസ്ലീം സമൂഹത്തെ സംബന്ധിച്ചിടത്തോളം ശരി-അത്ത്

അനുസരിച്ചാണ് അവരുടെ ജീവിത ക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതാണ്. അപ്പോൾ അതനുസരിച്ച് ജീവിക്കാനുള്ള അനുവാദം കൊടുക്കണമെന്ന് ഇന്ത്യൻ പാർലമെന്റിൽ നിയമം കൊണ്ടുവന്നപ്പോൾ എന്തായിരുന്നു ഇവിടെ പുകിൽ? നാലുകെട്ടാൻ വേണ്ടി എട്ടുകെട്ടാൻ വേണ്ടി ഇതാ രാജീവ് ഗാന്ധി നിയമം കൊണ്ടുവന്നിരിക്കുന്നു എന്ന് പറഞ്ഞ് അദ്ദേഹത്തെ ആക്ഷേപിച്ച ആളുകളാണ്. അന്ന് ആഗ്രഹിച്ചത് ഒരു ഭൂരിപക്ഷ കൺസോളിഡേഷനാണ്. ആ തിരഞ്ഞെടുപ്പിന്റെ കാലത്ത് വിദഗ്ദ്ധമായ കച്ചവടം നടത്തി. അതിനുശേഷം പിന്നെ വന്നത് ക്രിസ്ത്യൻ പ്രീണനമായിരുന്നു. നായനാരുടെ കാലത്ത്. നായനാർ റോമിൽ പോകുന്നു, പോപ്പിനെ കാണുന്നു, കൊന്ത കൊണ്ടുവരുന്നു, എല്ലാവർക്കും കൊടുക്കുന്നു എന്തായിരുന്നു ഇവിടെ മേട് ? അദ്ദേഹം പാലാ അരമനയിൽ വന്നു. സാധാരണ അവിടെ അങ്ങനെ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിമാരൊന്നും അധികം വന്നത് ഞാൻ കേട്ടിട്ടില്ല. ആ കാലഘട്ടത്തിൽ അദ്ദേഹം പറഞ്ഞു പിതാവേ ഞാൻ അങ്ങോട്ടു വരുന്നു ഉച്ചയ്ക്ക് ഊണ് അവിടെ. ഉച്ചയുറക്കവും കഴിഞ്ഞ് നാലുമണിക്കാണ് പോകുന്നത്. ഡൽഹിയിൽ കുർബാനയ്ക്ക് വീഞ്ഞ് നിരോധിച്ചിരിക്കുന്നുവെന്ന് പറഞ്ഞ് എന്ത് നിലവിളിയായിരുന്നു ഈ പ്രദേശത്ത്. ഈ പ്രദേശം മുഴുവൻ കരയുകയായിരുന്നു. എന്താണ് ഈ വീഞ്ഞിന്റെ ഉപയോഗമെന്നുപോലും കണ്ടിട്ടില്ലാത്ത പള്ളിയിൽ കയറിയിട്ടില്ലാത്ത ആളുകൾവരെ ഭയങ്കര പ്രാർത്ഥനയും വലിയ കരച്ചിലുമായിരുന്നു. എല്ലാ ജംഗ്ഷനുകളിലും. പാർട്ടിയി

ലേയ്ക്ക് ക്രിസ്ത്യൻ യുവാക്കളെ പ്രൊമോട്ട് ചെയ്യുന്നു. അങ്ങനെ നാല ഞ്ചുവർഷം കഴിഞ്ഞു. പിന്നെ മുസ്ലീം പ്രീണനകാലം അത് അഞ്ചല്ല ആറേ ഴുവർഷം നീണ്ടുനിന്നു. സദ്ദാം ഹുസൈന്റെ മരണത്തിന്റെ സമയത്ത് ഞാൻ ഓർക്കുന്നു. അന്ന് സദ്ദാം രക്തസാക്ഷിയായി എന്നു പറഞ്ഞു കൊണ്ട് പാർട്ടി ചാനൽ തുറന്നിട്ടു. രണ്ട് ദിവസം ചർച്ചയാണ്. ചർച്ചയ്ക്ക് ഓരോരുത്തർ വന്നിങ്ങനെ പറയുകയാണ്. ആർക്കും കേറി ഗോളടിക്കാ വുന്ന ദിവസമായിരുന്നു. ഇടയ്ക്കിടെ നമ്മുടെ എം.വി. ജയരാജൻ നമ്മുടെ തിളങ്ങുന്ന ജയരാജൻ, ശുംഭൻ ജയരാജൻ ...ശുംഭൻ എന്നതിന്റെ അർത്ഥം തിളങ്ങുന്നത് എന്നായതുകൊണ്ട് നമുക്കാർക്കും ഉപയോഗി ക്കാം. ആ ജയരാജനൊക്കെ ഇടയ്ക്കിടെ വന്നിട്ട് പറയും സദ്ദാം മരി ച്ചിട്ട് ആറ് മണിക്കൂറായി ഇതുവരെയും സോണിയ ഗാന്ധി പ്രതികരിക്കു ന്നില്ലല്ലോ. സോണിയാ ഗാന്ധി എവിടെ? മൻമോഹൻ എന്താ മിണ്ടുന്നി ല്ലല്ലോ? ഇങ്ങനെ വിറ്റ് കാശാക്കി എന്നുമാത്രമല്ല ലോകത്ത് എവിടെയെ ങ്കിലും ഒരു പ്രശ്നമുണ്ടായാൽ, ഏത് പ്രശ്നങ്ങളും അമേരിക്കയുമായി ബന്ധപ്പെട്ട് എവിടെയെങ്കിലും പ്രശ്നമുണ്ടായാൽ ഉടനെതന്നെ മൈക്ക് വയ്ക്കും. മൈക്ക് വയ്ക്കുന്നതെവിടെയാണ്? എല്ലാ വെള്ളിയാഴ്ചയും പള്ളിയിലെ ജുമാ നമസ്കാരം കഴിഞ്ഞ് ആളുകൾ പുറത്തേയ്ക്ക് ഇറ ങ്ങുമ്പോൾ തൊട്ടപ്പുറത്ത് മൈക്കും വച്ചുകൊണ്ടിരിക്കും എന്നിട്ട് നെഞ്ച ത്തടിച്ച് നിലവിളിക്കുകയാണ് അയ്യോ അമേരിക്ക അവിടെ ഇടപെട്ടിരി ക്കുന്നു ഇവിടെ മൻമോഹൻ മിണ്ടുന്നില്ല കോൺഗ്രസ് മിണ്ടുന്നില്ല. ലീഗ്

മിണ്ടുന്നില്ല ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. സമയം പോയതുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ധനവിനിയോഗ ബില്ലിനെ നമുക്ക് അംഗീകരിക്കേണ്ടതായിട്ടുണ്ട്. ഇതിനെ എതിർക്കാൻ പാടില്ല എന്നുള്ള താണ് എന്റെ അഭിപ്രായം. ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു.

(ശ്രീ. ജി. സുധാകരൻ)

* * * * * * * * * * * * * * * *